Vol. 20. No. 5.

# കൎമ്മലകുസുമം

# The Flower of Carmel



പ്രതിമാസപത്രിക.

May, 1922.

# വിഷയ വിവരണിക


1 മംഗളം. പേജ്.

ശ്രീമാൻ തെങ്ങുംമൂട്ടിൽ വറുഗീസുമാപ്പിള.

2 ദൈവജനനിയുടെ സ്നേഹാധിക്യം. 97

റവ. തോമസ് പ്ലാക്കാട്ട്.

3 പതിനഞ്ചാം ബനദീക്തോസു മാർപ്പാപ്പായും കൊച്ചി മഹാരാജാവും. 100

4 "പാപ്പാമതം" 101

റവ. ഫാദർ ജോസഫ് പഞ്ഞിക്കാരൻ എം. ഏ.

5 ഉത്ഥാനനിശ. (പദ്യം) 104

ശ്രീമാൻ പൊൻകുന്നം വി. ജെ. ജോസഫ്.

6 നമ്മുടെ പൂർവ്വന്മാരുടെ വേദപ്രചാരവേലകൾ. 105

റവ. ഫാദർ ബർണ്ണാർഡ് സി. ഡി.

7 മാർപ്പാപ്പായുടെ രാഷ്ട്രിയാധികാരം. 106

ശ്രീമാൻ കെ. സി. വക്കി ബി. ഏ.

8 മരണം നിശ്ചയം, നേരം നിശ്ചയമില്ല. 107

ബോർഡിങ്ങ് റെക്ടർ.

9 'പാപ്പാമതം' പുകച്ചുകളയും. (ഒരു കഥ) 108

റവ. ഫാദർ സൈമൺ സി. ഡി.

10 പരമ്പുകോട്ടയ്ക്കു അരിമ്പുവെടി. "കർമ്മലകുസുമം" 110

11 കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്. 112

സ്വന്തം കൊച്ചച്ചൻ.

12 മാതാവിന്റെ ലുത്തനിയാ (പദ്യം) നമ്മുടെ യുവകവികൾ. 113

13 ക. നി. മൂ. സ. വാർഷികറിപ്പോർട്ട്. 115

14 തിരുഹൃദയപൊതുനിയോഗം. 116

15 കുറിപ്പുകളും വർത്തമാനങ്ങളും. 117

16 മനോഗുണവിവരങ്ങൾ, ചരമവാർത്തകൾ.


---


## കുസുമഗ്രന്ഥാവലി.

ശ്രീമാൻ സി. അന്തപ്പായി ബി. ഏ. രചിച്ച "ക്രിസ്തീയ പുനരൈക്യം" ൧൨-ാം നമ്പരായി ഇതാ പുറപ്പെട്ടിരിക്കുന്നു. വില അണ ൨.

റവ. ഫാദർ സൈമൺ സി. ഡി. എഴുതിയിട്ടുള്ള "മാതൃകാ വിദ്യാർത്ഥിയായ മാർ ളൂയീസുഗൊൺസാഗാ" ൧൩-ാം നമ്പരായി അടുത്തമാസത്തിൽ പുറപ്പെടും.

കത്തോലിക്കരായ മഹാജനങ്ങളുടെ സഹായ സഹകരണങ്ങൾ നമ്മുടെ ഗ്രന്ഥാവലിക്കാര്യത്തിൽ കുറെക്കൂടെ ഉണ്ടായിക്കാണ്മാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. വരിപ്പണമായിട്ടു തരാനുള്ളവർ വി. പി. യ്ക്കു കാത്തിരിക്കാതെ വരുന്ന മാസത്തിനകം അയച്ചുതരണമെന്നു പ്രത്യേകം അപേക്ഷ.

മാനേജർ കർമ്മലകുസുമം മാന്നാനം.

# കൎമ്മലകുസുമം.

പുസ്തകം ൨. ൧൯൨൨ മെയി ലക്കം ൧.

## മംഗളം.

പുരുദുരിതസമുദ്രംതന്നിൽ മുങ്ങിക്കുഴങ്ങു—
ന്നൊരു നരനികരത്തിന്നാശ്രയസ്ഥാനമമ്മേ,
കരുണകലരുമക്കണ്ണുകൊണ്ടെന്നു ദൎശി—
ച്ചരുളുക മരിയേ, നിൻദാസനെക്കൈവെടൊല്ലേ.

തെങ്ങുംമൂട്ടിൽ വറുഗീസുമാപ്പിള.

## ദൈവജനനിയുടെ സ്നേഹാധിക്യം.

നമ്മുടെ അമ്മ പരിശുദ്ധ ദൈവജനനിയുടെനേൎക്കു, കത്തോലിക്കാതിരുസഭ പ്രത്യേക വിധത്തിലുള്ള ഭക്തിസ്നേഹബഹുമാനാദരങ്ങളെ പ്രദൎശിപ്പിച്ചുവരുന്നുണ്ടു്. മേമാസംമുഴുവനു ഈ അമ്മയുടെനേരെയുള്ള പ്രത്യേകഭക്തിക്കായി തിരിഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഏതാദൃശങ്ങളായ ഭക്തിബഹുമാനങ്ങൾ കാണിക്കത്തക്കവിധത്തിൽ അത്രക്കു നാം ഈ മാതാവിനോടുകടപ്പെട്ടിട്ടുണ്ടോ എന്നൊരുപ്രശ്നത്തിനു പക്ഷേ വകയുണ്ടായേക്കാം. ആകയാൽ ഇത്തരുണത്തിൽ ദൈവജനനിയുടെ കരുണാസമ്മിളിതമായ ആ നിസ്സീമസ്നേഹത്തെപ്പററി സ്വല്പം പ്രസ്താവിക്കുന്നതു അപ്രസ്തുതമായി വരികയില്ലെന്നു വിശ്വസിക്കട്ടെ.

മനുഷ്യകുലത്തിന്റെനേൎക്കു നമ്മുടെ അമ്മ പ്രദൎശിപ്പിച്ചിട്ടുള്ള അന്യാദൃശസ്നേഹത്തെ ലക്ഷീകരിക്കുന്നതായിട്ടുള്ള സംഭവങ്ങൾ സംഖ്യാതീതങ്ങളാണെന്നിരുന്നാലും അവയിൽ സൎവ്വപ്രകാരേണയും പ്രഥമഗണനീയമായിട്ടുള്ളതു മനുഷ്യാവതാരമെന്ന ആ പരമരഹസ്യമാകുന്നു. ഒരു കാലത്തു ആദിമാതാപിതാക്കന്മാരുടെ പാപം കാരണത്താൽ നാമെല്ലാവരും പറുദീസായിൽനിന്നും ബഹിഷ്കരിക്കപ്പെട്ടു് അനവരതം ദുരിതപ്പെടുന്നതിനുവേണ്ടി നിത്യനാശകൂപത്തിൽ നിപതിക്കപ്പെട്ടിരുന്നുവല്ലോ. എങ്കിലും ഈ നിരാലംബാവസ്ഥയിൽ മനുഷ്യകുലത്തെ ഇട്ടു കഷ്ടപ്പെടുത്തുന്നതിനു ദൈവത്തിന്റെ അനന്തസ്നേഹംതന്നെ സമ്മതിച്ചില്ല. മനുഷ്യാവതാരം എന്ന പരമരഹസ്യം വഴിയായി നശിച്ചുപോയ മനുഷ്യഗണത്തെ ഈ നിത്യനാശത്തിൽ നിന്നും ഉദ്ധരിപ്പിക്കണമെന്നു് അവിടുന്നു നിശ്ചയിച്ചു എന്നാൽ ഈ മഹത്തായ രഹസ്യപൂൎത്തീകരണത്തിനു— അതേ ലോകപരത്രാതാവു ഭൂജാതനാകുന്നതിനു— ദൈവത്തെപ്പോലെതന്നെ പാപലേശമില്ലാത്തവളും പുണ്യപൂൎണ്ണയുമായ ഒരമ്മയുടെ ആവശ്യം അവശ്യമായിരുന്നു. പാപോന്മൂലനത്തിനായിട്ടവതരിക്കേണ്ട ഈ ദിവ്യപുരുഷൻ നിൎമ്മലമയമായ ഉദരത്തി

ൽനിന്നനുഭവിക്കേണ്ടതു അത്യാവശ്യമായിരുന്നു. ഈ ഒരുദരം നമ്മുടെ അമ്മയിൽമാത്രമേ ദൈവം കണ്ടെത്തിയുള്ളൂ. അതിനാൽ വിശുദ്ധ ശ്ലീഹാ പറയുന്നതുപോലെ കാലത്തിന്റെ പൂർണ്ണതയിൽ മനുഷ്യകുലത്തെ രക്ഷിക്കുന്നതിനും പുത്രാവകാശത്തെ നാം സ്വീകരിക്കുന്നതിനും വേണ്ടി ദൈവം തന്റെ പുത്രനെ നിയമാനുസരണമായി ഒരു സ്ത്രീയിൽനിന്നും ഇഹലോകത്തേക്കു യാത്രയാക്കി. ഇവിക്ഷണത്തിൽ തന്റെ സന്തോഷം ആകമാനം സന്താപമായി രൂപാന്തരപ്പെട്ടുപോയി എന്നു പരിശുദ്ധ കന്യാസ്ത്രീ മറിയംതന്നെ മെത്തീൽദാപുണ്യവതിയോടു അരുളിച്ചെയ്തിട്ടുണ്ട്. മൂന്നു ദിവസത്തേക്കുമാത്രം ദിവ്യകുമാരൻ കാണാതെപോയ ആ അവസരത്തിൽ എത്ര മാത്രം മനോവ്യഥ ഇവൾ അനുഭവിച്ചിരിക്കണം? കഷ്ടാനുഭവ സന്ദർഭങ്ങളിലെ വ്യാകുലങ്ങളാകട്ടെ ആർക്കാണു് വർണ്ണിക്കാൻ



ടെ പറയപ്പെടുന്ന ആ സ്ത്രീ ദൈവജനനിയല്ലാതെ മററാരുമല്ല.

ആ അഖിലനരകുല പരിത്രാതാവിന്റെ ഐഹികാഗമനാനന്തരം നമ്മുടെ ദൈവജനനിയുടെ ശുദ്ധീകരണത്തിരുനാളിൽ ദേവാലയത്തിൽവച്ചു വിശുദ്ധ ശെമഓൻ ദിവ്യശിശുവിനെ തന്റെ കരങ്ങളിൽ സ്വീകരിച്ചശേഷം— ഈ പുത്രൻ മനുഷ്യരുടെയിടയിൽ വിരോധലക്ഷണമായി വെയ്ക്കപ്പെട്ടിരിക്കുന്നു എന്നും അതിനാൽ ദൈവമാതാവിന്റെ ആത്മാവിൽ ഒരു വാൾ കടക്കുമെന്നും പ്രവചിച്ചപ്പോൾ നമ്മുടെ അമ്മയുടെ ഹൃദയം പിളർന്നുപോയില്ലയോ? ഉത്തരകഴിയുക? ഇങ്ങനെ സന്താപബഹുലമായ ഒരു ജീവിതം സാമോദം താൻ ആശ്ലേഷിച്ചതു് ആർക്കുവേണ്ടിയായിരിക്കണം? ഹാ, ദുഷ്ടരും നന്ദിഹീനരുമായ നമുക്കുവേണ്ടിയും നമ്മുടെ ഉദ്ധാരണത്തിനായിട്ടും മാത്രമല്ലയോ വ്യാകുലന്മാരുടെ രാജ്ഞിയുടെ മകുടത്തെ താൻ ചൂടിയതു്. ഇവിടെ തന്റെ വിസ്മയാവഹമായ സ്നേഹപ്രവാഹത്തെയല്ലേ നാമേവരും ദർശിക്കുന്നതു്. ഈ നിസ്തുല സ്നേഹത്തെപ്പററി നാം എങ്ങനെ വിസ്മയിക്കാതെയിരിക്കും? മനുഷ്യാവതാരം എന്ന പരമരഹസ്യം വഴിയായി ലോകപരിത്രാണകർമ്മനിർവ്വഹണത്തിൽ ഒരുമർമ്മസ്ഥാനമാ

യി നിന്നു നമ്മുടെനേക്കു താൻ പ്രദശിപ്പിച്ചിട്ടുള്ള അതിത കരുണയും സ്നേഹവും. ഇപ്രകാരമുള്ളതാകുന്നു.

എന്നാൽ ഈ മനുഷ്യാവതാരപൂത്തികരണംകൊണ്ടു ഈ സ്നേഹത്തിനു ഒരു പരിണാമം ഉണ്ടായോ? ഒരിക്കലുമില്ല. അതുകൊണ്ടുമാത്രം താൻ തൃപ്തിയായില്ല. തൻെറ ദിവ്യകുമാരൻ കുരിശിൽ സ്വന്ത ജീവനെ പരിത്യജിക്കയിൽ നമ്മുടെ അമ്മയും കുരിശിൻെറ ചുവട്ടിൽ നിന്നിരുന്നു. സന്താപസാഗരത്തിൻെറ അത്യഗാധത്തിൽ അല്ലയോ താൻ അവിടെ നിന്നിരുന്നതു്. എങ്കിലും ഈ സന്താപഘട്ടത്തിലാണ് നമ്മുടെ നേക്കുള്ള അതിയായ സ്നേഹത്തെ താൻ പ്രസ്പഷ്ടമാക്കിച്ചെയ്തതു്. അതേ അവിടെവച്ചു തന്നെയാണ് വി. മറിയം മനുഷ്യകുലത്തിൻെറ എല്ലാം അമ്മയായിപരസ്യമായി അവരോധിക്കപ്പെട്ടതു്. തൻെറ വാത്സല്യശിഷ്യനായ യോഹന്നാനെ കാണിച്ചുകൊണ്ടു് "സ്ത്രീയേ, ഇതാ നിൻെറ പുത്രൻ" എന്നു കുരിശിൽ കിടക്കുന്ന മിശിഹാ ഇവളോടു അരുളിച്ചെയ്യുന്നു. ഹാ ഇത്ര മഹത്തായ ഒരു കാര്യം നിവൃത്തിച്ചതിൻെറശേഷമാണ് താൻ ഇഹലോകവാസം വെടിഞ്ഞതു്. "സ്ത്രീയേ, ഇതാ നിൻെറ പുത്രൻ" എന്നുള്ള ഈ വാക്കുകൾ എത്രയോ ശ്രദ്ധേയങ്ങളാണ്. തൻെറ അന്തിമദശയിൽ നമുക്കൊരമൂല്യനിക്ഷേപം നൽകിയതിൻെറശേഷം മൃത്യുവിനെ ആശ്ലേഷിക്കാമെന്നത്രെ താൻ നിശ്ചയിച്ചതു്. തൻെറ അമ്മയായ പരിശുദ്ധ കന്യാസ്ത്രീമറിയത്തെത്തന്നെയാണ് നമുക്കോരോരുത്തക്കും താൻതന്നതു്. ഇങ്ങനെ നമ്മെ തൻെറ മാതാവിൻെറ പ്രത്യേക സംരക്ഷണയിൽ ഏൽപ്പിച്ചിട്ട് താൻ തൻെറ ജീവനെ പരമപിതാവിൻെറ കരങ്ങളിൽ അപ്പിച്ചു. ദൈവജനനിയോ തദനുസരണം നമ്മെ സ്വന്തം മക്കളായിട്ടു മഹാ സന്തോഷത്തോടെ സ്വീകരിക്കയും ചെയ്തു.

എന്നാൽ വിശുദ്ധ മറിയത്തിൻെറ ഈ വാത്സല്യാതിരേകം തൻെറ മരണത്തോടുകൂടെ അവസാനിച്ചോ? ഒരിക്കലുമില്ല. താൻ പുത്രസാമീപ്യം പ്രാപിക്കയിൽ അതു ഒന്നുകൂടി പരിപുഷ്ടിതമാകമാത്രമേ ചെയ്തിട്ടുള്ളു. എന്നല്ല നമ്മുടെ നേക്കുള്ള കരുണയും സ്നേഹവും ഒന്നിനൊന്നു വദ്ധമാനങ്ങളായിക്കൊണ്ടു തന്നെയിരിക്കുന്നു. "മിശിഹായെ പ്രസവിച്ച പരിശുദ്ധ കന്യാസ്ത്രീ മറിയം" എന്നുള്ള ഈ വാക്കുകളിൽത്തന്നെ ഇവളുടെ കരുണയേയും സ്നേഹത്തേയും വേണ്ടുവോളം സുവിശേഷകന്മാർ സമാഹരിച്ചിട്ടുണ്ടു്. ഈ മിശിഹാ തന്നെയായിരിക്കുന്നു ലോകപരിത്രാതാവു്. താൻ കരുണയുടേയും സ്നേഹത്തിൻെറയും ആസ്ഥാനമാകുന്നു. എന്നാൽ വിശുദ്ധ ദൈവജനനിയോ മിശിഹായുടെ മാതാവായിരിക്കുന്നു. ആകയാൽ ഈ അമ്മ കരുണയുടേയും സ്നേഹത്തിൻെറയും കേന്ദ്രസ്ഥാനമാണെന്നു ഒരു വിധത്തിൽ പറയേണ്ടിയിരിക്കുന്നു. എന്നല്ല, നമ്മുടെ അമ്മയുടെ കരുണ സാക്ഷാൽ മിശിഹായുടെ കരുണയേപ്പോലും അതിശയിക്കയില്ലയോ എന്നു പുണ്യാത്മാക്കൾ സംശയിക്കുന്നു. ഇതിനെ പരാമശിച്ചു വേദസാക്ഷിയായ വി. ഇഗ്നാസിയോസ് പറയുന്നതു് ഇപ്രകാരമാണ്:– "ആ ദൈവനീതിക്കു രക്ഷിക്കാൻ പാടില്ലാത്തവരേക്കൂടെയും പരിശുദ്ധ മറിയത്തിൻെറ ദയ രക്ഷിക്കും." ഹാ ഇതു സാക്ഷാൽ ഉള്ള സ്നേഹാധിക്യം കൊണ്ടല്ലെങ്കിൽ പിന്നെന്തുകൊണ്ടാണ്?

നമ്മുടെ രക്ഷയെ ഉദ്ദേശിച്ചു മാത്രം ഈ ദൃശസ്നേഹം പ്രദർശിപ്പിക്കുന്ന നമ്മുടെ അമ്മയുടെ നേരെ പരമാത്ഥസ്നേഹവും, നിഷ്കപടഭക്തിയും നമുക്കു ഒഴിച്ചുകൂടാത്ത ധമ്മമല്ലയൊ? ഏതാദൃശചിന്തകളാൽ നമ്മുടെ ഹൃദയങ്ങൾ ഉൽബോധിതങ്ങളാകേണ്ടല്ലതയൊ? നാമേതല്ലാം തരത്തിലുള്ള പ്രതിനന്ദികൾ കാണിച്ചാലും അവകേവലം തുച്ഛപ്രായങ്ങൾ മാത്രമെ ആയിരിക്കയുള്ളു; എന്നിരുന്നാലും നിഷ്കളങ്കസ്നേഹം വഴിയായി നമ്മെ തൻെറ പാവനമായ ഹൃദയത്തോടു ചേത്തു നമുക്കു ബന്ധിക്കാം. അഹങ്കാരം, മോഹം, പരസ്പര വിരോധം, പൈശുന്യം, സ്വാർത്ഥതല്പരത ആദിയായ ദുർഗ്ഗുണങ്ങളെ സർവ്വോപരി വജ്ജിക്കുന്നതിനു ശ്രമിച്ചുകൊണ്ടു ഈ മേമാസം പുഷ്പാധികം ഭക്തിയോടുകൂടി കഴിച്ചുകൂട്ടുന്നതിനു നമുക്കോരോരുത്തക്കും ശ്രമിക്കാം.

റവ. തോമസ് പ്ലാക്കാട്ട്.

# ബനദിക്തോസ് മാർപ്പാപ്പായും കൊച്ചിമഹാരാജാവും

(ഈ തലവാചകത്തിൽ കെ. ആർ. ഗോപാല അയ്യർ അവർകൾ 'മദ്രാസ് മെയിൽ' പത്രത്തിലേക്ക എഴുതിയ ഒരു ലേഖനത്തിൻെറ തർജ്ജമ.)

൧൫-ാം ബനദിക്തോസ് മാർപ്പാപ്പാ തിരുമനസ്സിലെ ദേഹവിയോഗം, കൊച്ചി രാജകുടുംബത്തോടു ആ തിരുമേനി ചെയ്തിട്ടുള്ള ഒരു മഹോപകാരത്തെയും ക്രിസ്തീയ സ്നേഹാനുകമ്പകളേയും എന്നെ അനുസ്മരിപ്പിക്കുന്നു. ഈ കൃത്യം ഈ രാജ്യത്തുള്ള ഹിന്തുക്കളുടെയിടയിൽപോലും ആ തിരുമേനിയുടെ നാമം പ്രിയതരമാക്കിച്ചെയ്തിട്ടുണ്ട്. ൧൯൧൪-ൽ ഇംഗ്ലണ്ടും ജർമ്മനിയും തമ്മിൽ യുദ്ധം ആരംഭിച്ചപ്പോൾ വിദ്യാഭ്യാസാർത്ഥം ബേർലിനിൽ താമസിച്ചിരുന്ന കൊച്ചി മഹാരാജാവു തിരുമനസ്സിലെ പുത്രനായ മിസ്റ്റർ വി. കെ. രാമൻമേനോനെ ജർമ്മൻ ഗവർമ്മെണ്ടു മററു ബ്രിട്ടീഷ് പ്രജകളോടുകൂടി തടവിൽ പാർപ്പിച്ചു വളരെ കഷ്ടപ്പെടുത്തുകയുണ്ടായി. ഇംഗ്ലണ്ടിലേയ്ക്കോ ഇൻഡ്യയിലേക്കോ തിരിച്ചുപോരുന്നതിനും അനുവാദമില്ലായിരുന്നു. കുറേക്കാലത്തേക്കു ഇദ്ദേഹത്തെപ്പററി യാതൊരറിവും ലഭിച്ചിരുന്നില്ല. ഇദ്ദേഹത്തിനു അയച്ചിരുന്ന കത്തുകളും മണിഓർഡർകളും ഇദ്ദേഹത്തിനു കിട്ടാതെയുമായി. ഈ ഘട്ടത്തിൽ കൊച്ചി മഹാരാജാവു തിരുമനസ്സിലേക്കും, നേത്യാരമ്മക്കും, കൊച്ചി നിവാസികൾക്കും എന്തുമാത്രം മനോവേദന നേരിട്ടു എന്നു പറഞ്ഞറിയിപ്പാൻ പ്രയാസം. ഒടുവിൽ മഹാരാജാവു തിരുമനസ്സുകൊണ്ടു മദ്രാസിൽ എത്തി അന്നത്തെ ഗവർണ്ണർ ആയിരുന്ന പെൻറലൻഡു പ്രഭുവിനോടു ഇക്കാര്യം സംബന്ധിച്ചു ആലോചിക്കയുണ്ടായി. മൈലാപ്പൂരിലെ കത്തോലിക്ക മെത്രാൻ ഈ കുഴപ്പത്തിനു ഒരു ശമനം വരുത്തുമെന്നും അതുകൊണ്ടു അദ്ദേഹത്തെ ചെന്നു സന്ദർശിക്കണമെന്നുമായിരുന്നു പ്രഭുവിൻെറ ഉപദേശം. തദനുസരണം മഹാരാജാവ് മെത്രാനച്ചനെ ചെന്നു കാണുകയും മെത്രാനച്ചൻ രാജകീയമായ ബഹുമാനാഡംബരങ്ങളോടുകൂടി തിരുമേനിയെ സ്വീകരിക്കയും ചെയ്തു. കാര്യമറിഞ്ഞതിൻെറ ശേഷം ധൈര്യപ്രദവും ആശ്വാസജനകവുമായ വിധത്തിൽ മെത്രാനച്ചൻ മഹാരാജാവിനോടു സംസാരിക്കുകയും ഉടൻതന്നെ ഒരു കമ്പി മാർപ്പാപ്പാതിരുമനസ്സിലേക്കു അയക്കയും ചെയ്തു. തിരുമനസ്സുകൊണ്ടു തൻെറ സ്വാധീനശക്തി പ്രയോഗിച്ചു കൈസറിനെക്കൊണ്ടു മിസ്റ്റർ മേനവനെ വിട്ടയിക്കണമെന്നായിരുന്നു കമ്പിയിലെ സാരം. രണ്ടു ദിവസം കഴിഞ്ഞു റോമായിൽ നിന്നും മൈലാപ്പൂർ മെത്രാനച്ചനു ഒരു കമ്പി കിട്ടി. മാർപ്പാപ്പായുടെ മാദ്ധ്യസ്ഥം മൂലം മേനവനു മോചനം ലഭിച്ചു എന്നും അദ്ദേഹം ജർമ്മൻ ഭടന്മാരുടെ ശല്യമൊന്നും കൂടാതെ ഇംഗ്ലണ്ടിലേക്കു പുറപ്പെട്ടിരിക്കുന്നു എന്നുമാണ് ആ കമ്പിയിൽ പ്രസ്താവിച്ചിരുന്നത്. ലണ്ടനിൽ എത്തിയ ശേഷം ഇംഗ്ലണ്ടിൽ സുഖമായി താമസിക്കുന്നു എന്നു കാണിച്ചു മിസ്റ്റർ മേനവൻതന്നെ ഒരു കമ്പി മഹാരാജാവിനു അയക്കയുണ്ടായി. ഈ വാർത്ത മഹാരാജാവിനും സ്വപ്രജകൾക്കും അനിർവ്വചനീയമായ സന്തോഷത്തിനു കാരണമായി എന്നു പ്രത്യേകം പറയേണ്ടതായിട്ടില്ല. മാർപ്പാപ്പാതിരുമേനിയെപ്പററിയുള്ള സ്തുതിയും നന്ദിയുമായിരുന്നു അപ്പോൾ കൊച്ചി മുഴുവനിലും മുഴങ്ങിക്കൊണ്ടിരുന്നത്. ഇപ്രകാരം മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു തെക്കെ ഇൻഡ്യയിലുള്ള നാനാജാതി മതസ്ഥരുടെയും സ്നേഹഭാജനമായിത്തീർന്നു. ഇതെഴുതുന്ന ആൾ ഉൾപ്പെടെ കൊച്ചി നിവാസികളായ എല്ലാവരും മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ചെയ്ത ഈ വലിയ നന്മയെ എന്നെന്നും സാദരം സ്മരിക്കുന്നതാണ്.

(ന. മീ.)

# "പാപ്പാ മതം."

ദൈവാനുഗ്രഹത്താലും കത്തോലിക്കരുടെ സ്നേഹപൂർവമായ പ്രയത്നത്താലും യാക്കോബായ സഭയിൽ നിന്നു വൈദികരും അൽമേനികളുമായി പലർ കത്തോലിക്കാസഭയിൽ ചേർന്നുവരുന്ന ഒരു സമയമാണല്ലൊ ഇതു്. കേരളീയക്രിസ്ത്യാനികളുടെയിടയിൽ "ഒരു തൊഴുത്തും ഒരു ഇടയനു"മുണ്ടാകേണ്ടതിന്നു് പരിശ്രമിക്കുന്ന സഹൃദയന്മാർക്കു അവരുടെ ഉദ്ദേശസാദ്ധ്യത്തിനു് പ്രതിബന്ധങ്ങളായി നിൽക്കുന്ന തടസ്സങ്ങളെ കഴിയുന്നതും മാററിക്കൊടുക്കേണ്ട കടമയുണ്ടു്. ഈ വക തടസ്സങ്ങളിൽ സർവപ്രധാനമായതു് കത്തോലിക്കാസഭയുടെ വിശ്വാസാചാരങ്ങളെയും, ചരിത്രത്തെയുംകുറിച്ചു് അകത്തോലിക്കർക്കുള്ള അജ്ഞതയാണെന്നു്, ബ. ബെർണ്ണാർദ് അച്ചന്റെ "യാക്കോബായസഭ" എന്ന ലഘുലേഖയ്ക്കു ഒരു പ്രത്യാഖ്യാനം എന്ന നിലയിൽ ബ. മുളമററത്തിൽ ഗീവറുഗീസു കത്തനാർ എന്ന യാക്കോബായ വൈദികന്റെ പേർവച്ചു് എഴുതിയിരിക്കുന്ന "പാപ്പാ മതം" എന്ന ചെറുപുസ്തകം വായിച്ചപ്പോൾ എനിക്കു നല്ലവണ്ണം മനസ്സിലായി.

അമ്പതൊരു പുറങ്ങളുള്ള ഈ ലേഖനത്തിൽ "യാക്കോബായ" സഭയ്ക്കു ഒരു പ്രത്യാഖ്യാനമായി വിശേഷിച്ചു ഒന്നുംതന്നെയില്ല. എന്നാൽ കത്തോലിക്കാസഭയെക്കുറിച്ചു ഇതിൽ എഴുതിയിട്ടുള്ളതിൽ കൂടുതലായി ആക്ഷേപങ്ങൾ പറയുവാൻ സാധിക്കുമൊ എന്നു ഞാൻ സംശയിക്കുന്നു. ഡാക്ടർ ലിട്ടിൽഡേൽ "റോമ്മാസഭയിൽ ചേരാതിരിക്കാൻ ചില കാരണങ്ങൾ" എന്ന പേരിൽ എഴുതീട്ടുള്ള ഇംഗ്ലീഷ് പുസ്തകത്തെ ഖണ്ഡിച്ചു ഫാദർ റൈഡർ "കത്തോലിക്കാവാദപ്രതിവാദം" എന്ന പ്രത്യാഖ്യാനത്തിൽ എഴുതീട്ടുള്ള ഒരു വാചകം എന്റെ ഓർമ്മയിൽ വരുന്നു. "൨൦൦ പുറങ്ങളിലായി കത്തോലിക്കർക്കും, വിശിഷ്യ മാർപ്പാപ്പാമാർക്കും വിരോധമായി എഴുതപ്പെട്ടിട്ടുള്ള ഏററവും കഠിനമായ സംഗതികളെല്ലാം അയാൾ തന്റെ പുസ്തകത്തിൽ ഒതുക്കിയിട്ടുണ്ടു്. സഭാപിതാക്കന്മാരിൽ നിന്നൊ, ചരിത്രകാരന്മാരിൽ നിന്നൊ, എന്നല്ല ആധുനിക പത്രങ്ങളിൽ നിന്നു കൂടെയും കത്തോലിക്കാസഭയ്ക്കു എതിരായി എടുക്കാൻ നിവൃത്തിയുള്ളതെല്ലാം അയാൾ എഴുതിച്ചേർത്തിട്ടുണ്ടു്." ഏതാണ്ടു ഇങ്ങനെതന്നെയാണു് നമ്മുടെ പുസ്തകകർത്താവും ചെയ്തിരിക്കുന്നതു. എന്നാൽ ഇവർതമ്മിലുള്ള വ്യത്യാസം ഇംഗ്ലീഷ് ഗ്രന്ഥകാരൻ ഒരു പരിഷ്കൃതരീതിയിൽ പ്രഥമദൃഷ്ടിക്കു വാസ്തവമെന്നു തോന്നിയേക്കാവുന്ന വാദങ്ങളെ മാത്രമെ പുറപ്പെടുവിച്ചിട്ടുള്ളു. നേരെ മറിച്ചു "പാപ്പാമത"കർത്താവാകട്ടെ, ഒരു അപരിഷ്കൃത മട്ടിൽ, സാമാന്യം പാണ്ഡിത്യമുള്ള ആളുകൾ വെറും കെട്ടുകഥയെന്നു് ഇക്കാലത്തു തള്ളിക്കളഞ്ഞിട്ടുള്ള "എട്ടാം യോഹന്നാൻപാപ്പാ" മുതലായവരുടെ കഥകളെ സഗൌരവം മൂന്നുനാലു പുറങ്ങളോളം എടുത്തു വിസ്തരിക്കുന്നതിനും ഒട്ടും മടിക്കുന്നില്ല.

ഇത്ര അഭാസമായതും സാമാന്യം ഒരു അൽമേനി കൂടെയും എഴുതുവാൻ മടിക്കുന്നതുമായ ഒരു കൃതി ചമയ്ക്കുവാൻ, ഇദ്ദേഹത്തെ പ്രേരിപ്പിച്ചതിന്റെ കാരണം അദ്ദേഹം പറയുന്നതു് "ഞാൻ ഉൾപ്പെട്ടു നിൽക്കുന്ന ഈ ചെറിയ അപ്പസ്തോലസഭയെ പീഡിപ്പിക്കാനും വിഴുങ്ങുവാനും മേലാൽ റോമ്മാസഭ ഉത്സാഹിക്കാതിരിക്കാ"നാണത്രെ (P. ൫൪.) "അന്ത്യോക്യാസഭയ്ക്കു പ്രതാപം കുറവാണെങ്കിൽ, റോമ്മാസഭയിൽ ഉണ്ടായിട്ടുള്ളതിൽ ആയിരത്തിലൊരംശം അറയ്ക്കത്തക്ക സംഗതി ആ സഭയിൽ നടന്നിട്ടില്ല." അതിനാൽ ഇത്ര നികൃഷ്ടമായ ഒരു സഭയിലേക്കു യാക്കോബായക്കാർ ആരും പോകരുതു്. യാക്കോബായസഭ സത്യസഭയാണു്. അതു ഇടത്തൂട്ട പഠിപ്പിക്കുന്നില്ല, അതിന്റെ ഉത്ഭവം ഈ കേരളത്തിലും പൌരസ്ത്യ ദിക്കുകളിലും കത്തോലിക്കർ പറയുന്ന മാതിരി അല്ല, എന്നു് ഇദ്ദേഹം വാദിക്കുന്നില്ല. കത്തോലിക്ക

സഭ ഒരു നീചസഭയെന്നത്രെ ഇദ്ദേഹം പറയുന്നത്. ഇതിനെ തെളിയിക്കുന്നതിന്നായി കൊണ്ടുവന്നിട്ടുള്ള ഭാഗങ്ങളുടെ ചില തലക്കെട്ടുകളെ മാത്രം ഉദ്ധരിക്കാം "പാപ്പാ മതക്കാരുടെ ധിക്കാര"മാണ് "പ്രാരംഭം." "റോമ്മാക്കാർക്കു മാത്രം രക്ഷ." "സർവ്വാധിപത്യം" "റോമ്മാസഭയുടെ അജ്ഞത്വം" "വ്യാജപ്രമാണനിർമ്മാണം" "അപ്രമാദിത്വം" "ദൈവദൂഷണം" "കൊലപാതകങ്ങൾ" എന്നിങ്ങനെയുള്ള വിഷയങ്ങളെക്കൊണ്ടാണ് തന്റെ പുസ്തകം നിറച്ചിരിക്കുന്നത്.

ഇതിൽ വിവരിച്ചിരിക്കുന്ന ഓരോ സംഗതിയേയും കുറിച്ചു തൽക്കാലം വിമർശിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. അതിനുള്ള ആവശ്യവും കാണുന്നില്ല. എന്തെന്നാൽ ഇതിൽ പുതിയതായി ഒന്നും എടുത്തു ഉദ്ധരിച്ചിട്ടില്ല. പലപ്രാവശ്യം കത്തോലിക്കർ തക്ക സമാധാനം പറഞ്ഞിട്ടുള്ള ചില ആക്ഷേപങ്ങൾ മാത്രമാണ് ഈ ലഘുപത്രികയിൽ അടങ്ങിയിരിക്കുന്നത്. ഉദാഹരണമായി, മാർപ്പാപ്പാമാരുടെ "അപ്രമാദിത്വം" എന്താണെന്നു ഈ പത്രികാകർത്താവിന്നറിഞ്ഞുകൂടാ. മാർപ്പാപ്പാമാർ കുററങ്ങൾ ചെയ്വാൻ പാടില്ലാത്തവരാണെന്നാണു ഇദ്ദേഹം മനസ്സിലാക്കിയിരിക്കുന്നത്. "സുമാർഗ്ഗപ്രകാശിക" "തിരുസിംഹാസനാദരവു" "ദീപിക"യിൽ ഇയ്യിടെ ഈ വിഷയത്തെക്കുറിച്ചു എഴുതിയിരുന്ന ലേഖനപരമ്പര— ഇവയെങ്കിലും ഇദ്ദേഹം വായിച്ചിട്ടില്ലെന്നുണ്ടോ? ഏതായാലും ഇദ്ദേഹം എഴുതിയിരിക്കുന്ന തെററുകളെ ഓരോന്നായി ചൂണ്ടിക്കാണിക്കുന്നതിനല്ല ഞാൻ ഉദ്യമിക്കുന്നത്. അതിന്നു ഓരോ വിഷയത്തെക്കുറിച്ചും ഓരോ ലേഖനം വേണ്ടിവരും. ഇമ്മാതിരി ഒരു കൃതി പുറപ്പെടാൻ ഇടയായതിൽ നിന്നു കത്തോലിക്കരായ നാം അറിഞ്ഞിരിക്കേണ്ട ഒരു സംഗതിയെക്കുറിച്ചേ എനിക്കു അല്പം എഴുതുവാനുള്ളു.

"പാപ്പാമത"കർത്താവു ഒരു ശുദ്ധമനസ്സനും ക്രിസ്ത്യാനികൾ തമ്മിൽ സഹോദര സ്നേഹത്തോടുകൂടി വർത്തിച്ചു കാണുന്നതിന്നു അഗ്രഹമുള്ളയാളുമാണെന്ന് അദ്ദേഹത്തിന്റെ കൃതിയിൽ നിന്നു മനസ്സിലാകുന്നുണ്ട്. "പല ഭാഗങ്ങളും ഞാൻ എടുത്തെഴുതിയതു് സാമാന്യം മനോവേദനയോടെയാണ്. റോമ്മാസഭയിൽ ഭൂതകാലത്തു അനേകം പുണ്യവാന്മാരും സച്ചരിതന്മാരും ഉണ്ടായിട്ടുണ്ട്. ഇപ്പോഴും ഈ തരക്കാർ പലരുണ്ട്. ആ സഭയിലെ പല മാന്യന്മാർ എന്റെ പരിചയക്കാരും സ്നേഹിതന്മാരുമാണ്. അവരെ വേദനപ്പെടുത്തുന്നതിലാണ് എനിക്കു വേദനയുള്ളതു." (P. ൭൮.) "നമുക്കു മേലാൽ പരസ്പരം ക്രിസ്തീയസമാധാനത്തിലും സ്നേഹത്തിലും ഐക്യത്തിലും ജീവിക്കാം." (P. 56) തന്റെ ഒരു സ്നേഹിതൻ എന്തോ വലുതായ ഒരപരാധം ചെയ്തുവെന്നു ആരോ പറഞ്ഞുകേട്ടു് ആവശ്യമില്ലാതെ വളരെ മനോവേദനയനുഭവിക്കുന്ന ഒരുത്തന്റെ പ്രവൃത്തിക്കു തുല്യമാണ് ലഘുലേഖകർത്താവിന്റെ സംഗതി. അകാരണമായി മനോവേദന അനുഭവിക്കുന്നതിനുപകരം 'വല്ലവരും' പറയുന്നതു കേൾക്കാതെ തന്റെ സ്നേഹിതനിൽ കുറേക്കൂടി വിശ്വാസമുണ്ടായിരുന്നെങ്കിൽ അയാൾ ഉൾപ്പെട്ടിരിക്കുന്ന മതത്തെക്കുറിച്ചു മററുള്ളവർ ആരോപിക്കുന്ന കുററങ്ങൾ ഗൌരവവും സംഭാവ്യവുമാണെന്നു ബോധപ്പെട്ടാൽ അയാളോടു് അതിന്നു തക്ക സമാധാനം ആവശ്യപ്പെടുകയും, ആ സമാധാനം സ്വീകാര്യമല്ലെന്നു തോന്നിയാൽ മാത്രം തന്റെ സ്നേഹിതനു മനോവേദന വരുത്തുന്ന ഇമ്മാതിരി ഒരു കൃത്യത്തിന്നു കച്ചകെട്ടി പുറപ്പെടുകയും ചെയ്തിരുന്നെങ്കിൽ അതു ക്ഷന്തവ്യമായിരുന്നേനെ.

എന്നാൽ ഈ സംഭവത്തിൽ നിന്നു നാം പഠിക്കേണ്ടതിതാണ്. കത്തോലിക്കാ സഭയേയും അതിന്റെ ആചാരങ്ങളേയും കുറിച്ച് യാക്കോബ്യരുടെയിടയിൽ നാം വിചാരിക്കുന്നതിൽ വളരെ കൂടുതലായി അജ്ഞതയുണ്ട്. എന്നു മാത്രമല്ല, യാക്കോബ്യർ യാക്കോബ്യരായി നില്ക്കുന്നതു് കത്തോലിക്കാ സഭയെക്കുറിച്ചും, അതിന്റെ തത്വബോധനങ്ങൾ, ആചാരം ചരിത്രം എന്നിവയെക്കുറിച്ചും, തക്കതായ ജ്ഞാനമില്ലാഞ്ഞിട്ടാണെന്നു ഫാദർ ഗീവറുഗീസിന്റെ കൃതി ധാരാളം തെളിവാക്കുന്നുമുണ്ട്. ഈ ലഘുലേഖയുടെ പുറപ്പാടിനു മുമ്പു് യാക്കോബ്യരുടെ സത്യസഭയിലേക്കു മനസ്സുതിരിവിനെക്കുറിച്ചു അ

ല്ലമെങ്കിലും ശങ്കയുണ്ടായിട്ടുള്ള ആളുകൾക്കുകൂടി ആശ്വാസത്തിനും ധൈര്യത്തിനും കാരണമുണ്ട്. സത്യസഭയെക്കുറിച്ചു വേണ്ട വിധത്തിൽ അറിയാത്തതിനാലത്രെ അവർ തങ്ങളുടെ സഭയിൽ നിന്നു പോരുന്നത്. ഈ അനുമാനത്തിന്ന് വേറെയും കാരണങ്ങളുണ്ട്. കുറേനാളായി തിരുവനന്തപുരത്തുനിന്നു പുറപ്പെട്ടുകൊണ്ടിരിക്കുന്ന "കാതോലിക്ക സഭ" എന്ന മാസികയിൽ കത്തോലിക്ക സഭയെക്കുറിച്ച് എഴുതിയിരിക്കുന്ന ഉപന്യാസങ്ങൾ വായിച്ചാൽ ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള യാക്കോബായ വൈദികർക്കുകൂടി സത്യസഭയെക്കുറിച്ചും അതിന്റെ ബോധനങ്ങൾ, ആചാരങ്ങൾ, ചരിത്രം എന്നിവയെക്കുറിച്ചും വേണ്ടത്തക്ക ജ്ഞാനം സമ്പാദിച്ചിട്ടില്ലെന്നു സ്പഷ്ടമാകുന്നു. ഇതുപോലെതന്നെ മാത്തോമ്മാക്കാരുടെ "മലങ്കരസഭാതാരക" മുതലായ മാസികകളിൽ നിന്നും കത്തോലിക്കാ സഭയെക്കുറിച്ച് അവർക്കുള്ള അജ്ഞത വെളിപ്പെടുന്നുണ്ട്.

ഇതിനു ഉപശാന്തിയായി നാം എന്താണ് ചെയ്യേണ്ടത്? മനസ്സറിവോടുകൂടിയാണ് കത്തോലിക്കസഭയ്ക്കു എതിരായി ഇവർ ഇങ്ങനെ എഴുതുന്നതെന്നു വിചാരിപ്പാൻ ഞാൻ തയാറില്ല. തങ്ങൾ എഴുതിയതു തെററാണെന്നു അവരെ തെളിവായി കാണിച്ചാൽ തീർച്ചയായും അവർ തങ്ങളുടെ തെററുകളെ ഏററു പറകയോ പിൻവലിക്കുകയോ ചെയ്യും. അതുകൊണ്ടു ഇങ്ങനെയുള്ള ആക്ഷേപങ്ങൾക്കു മറുപടി പറയുവാൻ "Catholic Truth Defence Committee" എന്ന ഒരു കമ്മററി ഏർപ്പെടുത്തുകയും, അതിൽ ഒരു ഭാഗത്തിന്ന് "Vigilant Section" എന്നു പേരു കൊടുത്തു അതിലുള്ള അംഗങ്ങളിൽ ഒരോരുത്തനേയും ഒരു അകത്തോലിക്ക മാസിക ഏല്പിക്കയും ചെയ്യണം. അവർ അതിലുള്ള ലേഖനങ്ങളെ പ്രത്യേകം ശ്രദ്ധവച്ചു വായിച്ച് സത്യത്തിന്നെതിരായി കാണുന്ന സംഗതികൾക്കു ആ പത്രത്തിൽതന്നെയോ വേറെ പത്രത്തിലൊ മറുപടി എഴുതുവാൻ ശ്രമിക്കണം. ഇതു കൂടാതെ യാക്കോബായസഭയുടെ വിശ്വാസാചാര സത്യങ്ങളെ വിവേചനം ചെയ്ത് അവ ക്രിസ്തീയ പാരമ്പര്യത്തിനും തിരുസുന്നഹദോസുകൾക്കും വിപരീതമാണെന്നു തെളിയിക്കയും, യുക്ത്യനുസരണമല്ലാത്ത സഭയുടെ നിലയെ സഭാംഗങ്ങളെ മനസ്സിലാക്കുകയും ചെയ്യണം. ഇതിനായി "യാക്കോബായ വിശ്വാസം എന്ത്?" എന്ന അഭിധാനത്തിൽ ഒരു ലേഖനപരമ്പര ഉപയോഗപ്രദമായിരിക്കും. മേൽ പറഞ്ഞ സംഗതികൾക്കും പുറമെ കത്തോലിക്ക സഭയുടെ സത്യങ്ങളേയും ആചാരങ്ങളേയും ചരിത്രത്തേയും മ്ശിഹാ സ്ഥാപിച്ച ഏകസത്യസഭ റോമ്മാകത്തോലിക്ക സഭ ആണെന്നും 'കുസുമഗ്രന്ഥാവലി'യുടെ മാതിരിയിലുള്ള ലഘുലേഖകൾ വഴിയായി അവരെ അറിയിക്കണം 'പാപ്പാമത'ത്തിൽ നിന്നും, 'കാതോലിക്കാ സഭ'യിൽ നിന്നും മററും ഏതെല്ലാം സംഗതികളിലാണ് ഇവർക്കു അജ്ഞതയുള്ളതെന്നു നമുക്കറിവാൻ എളുപ്പമുണ്ടല്ലോ. ഓരോ യാക്കോബായകുടുംബങ്ങളിലും ഈ സത്യങ്ങൾ പരത്തുവാൻ പ്രത്യേകം ഏർപ്പാടുകൾ ചെയ്യണം. യാക്കോബായക്കാർ അധികം നിവസിക്കുന്ന സ്ഥലങ്ങളിൽ കത്തോലിക്ക സഭയെക്കുറിച്ചു പ്രസംഗങ്ങൾ നടത്തി അവരുടെ സംശയ നിവാരണത്തിനു അവസരം കൊടുക്കണം.

ഇങ്ങനെ നാം ചെയ്യുന്നതായാൽ യാക്കോബായക്കാരുടെ ഇടയിൽ കത്തോലിക്കസഭയെക്കുറിച്ചു വാസ്തവമായ ഒരറിവുണ്ടാകുന്നതിനും, തദ്വാരാ സത്യത്തിന്റെ വെളിച്ചത്താൽ നിർബന്ധിതരായി അവരിൽ അനേകർ സത്യസഭയിൽ ചേരുന്നതിനും ഈ മലയാള രാജ്യത്തുള്ള ക്രിസ്ത്യാനികളുടെ ഇടയിൽ "ഒരു തൊഴുത്തും ഒരു ഇടയനു"മാകുന്നതിനും ദിവ്യരക്ഷകൻ ഇടവരുത്തുമെന്നു നമുക്കു ആശിക്കാം.

ഫാദർ ജോസഫ് പഞ്ഞിക്കാരൻ എം. ഏ.

---

ഉയരത്തിൽനിന്നു വീഴുന്നതിനായിട്ടു ദുഷ്ടന്മാർ ഉയരുന്നു. (ദിപാലവു)

* * *

ഉയർത്തപ്പെടുന്നതിനായിട്ടു നീതിമാന്മാർ തങ്ങളെത്തന്നെ താഴ്ത്തുന്നു.

(ദിപാലവു)

## ഉത്ഥാനനിശ. (ഗാഥ)

ലോകത്തിലാകവേ രോമാഞ്ചമേകുന്ന
ഭീകരമായൊരുവൻ നിശീഥം
ക്രൂരിരുൾപൂരമാം ഘോരപൈശാചിക
പാരിടമെങ്ങുമേ കൃത്തടിപ്പൂ
കാളിയും കൂളിയും പ്രേതപിശാചങ്ങ-
ളോളിയുമട്ടു ചരിച്ചിടുന്നു.
ആരാവാം ഭൂതം ധരിച്ചുവിളങ്ങുന്ന
ഘോരാസ്യകല്പായതത്തിൻമുകളിൽ
വച്ചുപതിച്ചുള്ള രത്നങ്ങളെന്നപോൽ
മെച്ചത്തിൽ മിന്നുന്നു ഖദ്യോതങ്ങൾ
ജീവജാലങ്ങളതൊക്കെയും നിദ്രയാം
ദേവിയെ ഭക്ത്യാ ഭജിച്ചിടുന്നു.
ഉച്ചത്തിലൂളനും ക്രൂരനും കൂകുന്നോ-
രൊച്ചയെപ്പാരിൽ പരത്തുന്നില്ലെ
മാമരക്കൊമ്പുകൾ മന്ദമുലച്ചതാ
കേമനായൂതുന്ന മാരുതനും
മററുള്ളതൊക്കെയും നിശ്ചലമായിട്ടാ-
ണേററമാം ധ്വാന്തത്തിൽ കാണ്മതിപ്പോൾ.
പാരം പുകഞ്ഞു പഴക്കമാം ചിത്രത്തിൻ
നേരുപകർപ്പെന്നുതോന്നും വിശ്വം
ലോകാധിനായകൻ പാതാളംതന്നിലായ്
വാഴ്കയാലീസ്ഥിതി ചേരുമല്ലോ
ക്രൂരരാം യൂദന്മാരീശനെ നിർദ്ദയം
മാരണംചെയ്തതിൻപിറേറദിനം
പാതിരാവാണിതെന്നോർക്കണം; മാമഹാ
ശ്രീതിങ്ങും കല്ലറസ്സന്നികത്തിൽ
മൂന്നുസാത്രപങ്ങൾ കണ്ണിമച്ചീടാതെ
സന്നദ്ധരായ് കാത്തുനിന്നിടുന്നു.
ആരാണിരിക്കുമുൾഭീതി വെടിഞ്ഞവർ
ഘോരമാം പാതിരാനേരത്തെവം
ഭീമശ്മശാനത്തിൽ വാഴുന്നു? മർത്ത്യരോ
കേമരാം ഭൂതപിശാചങ്ങളോ
മല്ലരായീടും പിശാചപ്പരിഷയെ
യെല്ലാമെ ശാസിക്കും സർവ്വനാഥൻ
അല്ലയോ വാഴുന്നിപ്പുണ്യശ്മശാനത്തി-
ലല്ലതിനാലിവരത്തരക്കാർ
ദേവേശനന്ദനൻ തൻതിരുദേഹത്തിൻ
കാവലിനായിട്ടു ദുഷ്ടയൂദർ
സ്പഷ്ടം നിയമിച്ച പട്ടാളക്കാരാണി
മുട്ടാളരാം മർത്ത്യപ്പിശാചുക്കൾ—
ളുൾക്കൊണ്ടെരിക്കുന്ന നിദ്രാരിവൃന്ദത്തെ
നീക്കിയവർ കാവൽ കാത്തിടുന്നു.
പെട്ടെന്നതാമുകൾഭാഗത്തുനിന്നൊരു
വെട്ടമവർക്കുടൻ കാണുമാറായ്
ഞെട്ടിയവരഥ മേല്പോട്ടുനോക്കിയ-
ങ്ങട്ടയെപ്പോലെ ചുരുണ്ടുപോയി
കോടാനുകോടിദിവാകരശോഭയെ
പ്പാടേമറയ്ക്കുന്ന ദിവ്യപ്രഭ
ചുററും പരന്നതുകണ്ടു വിരണ്ടവ-
രേററവുമമ്പരന്നന്ധരായി
മാഹാത്മ്യമേറുന്ന ദേവേശദൂതനാ-
മോഹാന്ധമാക്കപ്പെട്ടു ലക്ഷ്യമായി
ഏതുമേ ചെയ്വാൻ കഴിയാതെ കേവലം
പ്രേതങ്ങൾപോലവർ നിന്നുപോയി
കർത്താവിൻദൂതനക്കല്ലറതൻവക്കിൽ
ചേർത്തുള്ള വൻകല്ലുതെല്ലുപോലും
ആതങ്കമേശാതെ മാററിമറിപ്പതാ
പ്പാതകിസേവകർ നോക്കിനിന്നു
വെള്ളിയപ്പാതാളഗർത്തത്തിനൊത്തുള്ള
കല്ലറതന്നിൽനിന്നുടൻ സശോഭം
ദിവ്യമായുള്ളൊരു വൻപ്രഭാപൂരത്തിൻ
ഭവ്യപ്രവാഹവുമുണ്ടായ് വന്നു
ചന്ദ്രികാസുന്ദരമന്ദസ്മിതത്തോടും
സാന്ദ്രപ്രഭാകരതേജസ്സോടും
മന്ദമാക്കല്ലറയ്ക്കുള്ളിൽനിന്നേററമാ-
നന്ദത്തോടുത്ഥാനംചെയ്തൊരുവൻ
മാലാഖമാർക്കെഴും നേററത്തടത്തിന്നു
മശ്ലേഷച്ചാറായും, ദുഷ്ടർക്കെല്ലാം
തരളലക്ഷ്യത്വന്തം സന്താപകാരിയാം
ചെന്തീക്കനലായും തോന്നുംവണ്ണം
ദുഷ്ടർ തറച്ചുള്ളൊരാണിപ്പഴുതിന്നു
പൊട്ടിപ്പുറപ്പെടും ചോരയാലെ
പാരം നനഞ്ഞു കുഴഞ്ഞു വിളങ്ങുമാ
പാദസരോരുഹരണങ്ങളോടും
നിഷ്ഠുരർമർത്ത്യപാപശാന്തിക്കായി
കെട്ടിയടിച്ചുള്ള വൻമുറിവാൽ
വല്ലാതെ വേദനയേററു വ്രണപ്പെട്ട
പല്ലവകോമളമേനിയോടും
നിത്യം നരസ്നേഹപാവകജ്വാലയാൽ
കത്തിയെരിയും തിരുഹൃദയം
ധൂർത്തനാം യൂദകുലാധമൻ കുന്തത്താൽ
കുത്തിത്തുറന്നൊരു വൻചിറയിൽ

നിന്നൊഴിച്ചപ്പോൾക്കുള്ളം തെളിക്കുന്ന
ധന്യമാം തൻതിരുരക്തത്താലും
ചാരുമനോജ്ഞനപൂരം മനുഷ്യർക്കു
വാരിച്ചൊരിയുമപ്പാണിപാദം
സന്താപമേറ്റീടും മാനവർ ചെയ്ത പാ
ബന്ധത്താൽ പെട്ടിച്ചതാമാണി
ആണിത്തുളകളിൽനിന്നേറ്റമൊലിക്കുന്ന
ശോണിതരക്തമാം കൈകളോടും
ആശിസ്സനല്പമായ് ഭക്തർക്കു നൽകുവാ
നാശയാമിന്നും മുഖസരോജം
ക്രൂരമാം പീഡകളേൽക്കയാലുണ്ടായ
ദാരുണമായുള്ള നീർക്കെട്ടോടും
കർക്കശമായുള്ള മുള്ളുകളാൽ പര
മൊക്കെത്തുളച്ചൊട്ടു തൻതലയിൽ
ചേരതുപുരണ്ടു ചോടപിടിച്ചുള്ളോരു
ചാരുശിരോരുഹഭാരത്തോടും
മൂന്നുനാൾ മുമ്പവർ കണ്ടതിരുമേനി
മന്ദേതരാനന്ദമാർന്നുകൊണ്ടും
നൂതനമായൊരു കാന്തി കലർന്നതി
ശീതളപ്പുഞ്ചിരിപ്പൂനിലാവിൽ
പാർത്തലമാകവേ മുക്കിയും ചിക്കുന്ന–
ങ്ങുത്ഥാനം ചെയ്താനാമർത്ത്യദേവൻ

പൊൻകുന്നം വി. ജെ. ജോസഫ്.

# നമ്മുടെ പൂർവ്വന്മാരുടെ വേദപ്രചാര വേലകൾ.

പതിനാറാം ശതാബ്ദത്തിന്റെ മധ്യത്തിൽ കൊടുങ്ങല്ലൂരിൽ പോർട്ടുഗീസ് വൈദികർ സ്ഥാപിച്ചു നടത്തിവന്ന സെമിനാരിയിൽ സുറിയാനിക്കാരായ ൧൦൦-ൽപരം വിദ്യാർത്ഥികൾ വേദാദ്ധ്യയനം ചെയ്തിരുന്നു എന്നുള്ളതു ചരിത്രപ്രസിദ്ധമായ ഒരു സത്യമാണു. ഇവരെപ്പററി വി. ശവരിയാർ തന്റെ ലിഖിതങ്ങളിൽ വളരെ സ്തുതിച്ച് എഴുതീട്ടുള്ളതും, ഇവർ മൂലം ഭാവിയിൽ നിമാരിതമായ ജ്ഞാന നന്മകൾ ലഭിക്കുമെന്ന് അദ്ദേഹം അതുകളിൽ പ്രവചിച്ചിട്ടുള്ളതുമാണ്. ഇവരും ഇവരെ അനുഗമിച്ച് നമ്മുടെ മററു വൈദികരും അക്കാലത്ത് തെന്നിന്ത്യാമുഴുവനും വ്യാപിച്ചിരുന്ന കൊച്ചിരൂപത മുഴുവനിലും സുവിശേഷവേലയിൽ പോർട്ടുഗീസു വൈദികരെ സഹായിച്ചിരുന്നു. അക്കാലത്തു സുവിശേഷം സ്വീകരിച്ചിരുന്ന പുതുക്രിസ്ത്യാനികളിൽ പട്ടക്കാർ ഇല്ലാതിരുന്നതിനാൽ അവരുടെ അദ്ധ്യാത്മീയ കാര്യങ്ങൾ നടത്തുകയും അവർക്കു വി. കൂദാശകൾ പരികർമ്മം ചെയ്തുകൊടുക്കയും ചെയ്തതു കൊടുങ്ങല്ലൂർ സെമിനാരിയിൽ പഠിച്ചു പട്ടമേററ നമ്മുടെ പൂർവ്വന്മാരായ വൈദികരാണ്. മലയാളത്തിലെ പട്ടക്കാർ സുവിശേഷപ്രചാരത്തിനു വളരെ സഹായം ചെയ്തിരുന്നതായി വി. ശവരിയാർ തന്റെ ലേഖനങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളതായി നാം കാണുന്നു. അക്കാലത്തെ നമ്മുടെ വൈദികരുടെ സുവിശേഷവേല തെന്നിന്ത്യായിൽ സത്യവേദം പ്രചരിക്കുന്നതിനും ശക്തിപ്പെടുന്നതിനും വലിയ ഒരു സഹായമായിത്തീർന്നു. എന്നാൽ ഇതുപോലുള്ള ഒരു സഹായം വടക്കേ ഇൻഡ്യയിൽ ഉണ്ടായിരുന്നെങ്കിൽ അവിടെയും സത്യവേദം തെക്കേ ഇൻഡ്യയിലെപ്പോലെ വ്യാപിക്കുന്നതിനു സംഗതി ഉണ്ടാകുമായിരുന്നു. അതില്ലാതെ പോയതു പട്ടക്കാരുടെ കുറവു നിമിത്തമാണു. ആകയാൽ സുവിശേഷവേലയിൽ നമ്മുടെ പൂർവ്വന്മാരെ നാം അനുഗമിച്ച് അതിലേക്കു വേണ്ട ശ്രമങ്ങൾ ചെയ്വാൻ ഏർപ്പെടേണ്ടതു നമ്മുടെ ഒരു ചുമതലയായി നാം കരുതണം. വൈദികർ മാത്രമല്ല. അൽമേനികളും തങ്ങളുടെ ശക്തിപോലെ ഇതിനായി ശ്രമിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ പുത്തൻപള്ളി സെമിനാരിയിൽനിന്നു പുറപ്പെടുന്ന ലഘുലേഖകൾ ഇതിലേക്കു അത്യന്തം ഉപകരിക്കുന്നതാണ്. ഇപ്രകാരം സുവിശേഷ[illegible] ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ടും അതിലേക്കു വല്ലതും ദ

വ്യ സഹായങ്ങൾ ഒരൊരുത്തൻെറ ശേഷിപോലെ ചെയ്തുകൊണ്ടും, പ്രസംഗം മുതലായ്തു നടത്തി അജ്ഞാനികളെ മാനസാന്തരപ്പെടുത്തികൊണ്ടും ഈ വേല മുന്നോട്ടുനടത്തികൊണ്ടുപോകുന്നതിനു നാം എല്ലാവരും ശ്രമിക്കുന്നതായാൽ അതു നമ്മുടെ പൂർവന്മാരുടെ പിന്നടിയിൽ നടക്കുന്ന സ്തുത്യകരമായ ഒരു പ്രവൃത്തിയായി തീരുന്നതാണ്.

ഫാദർ ബർണ്ണാർഡ് സി. ഡി.

## മാർപ്പാപ്പായുടെ രാഷ്ട്രിയാധികാരം.

II.

മാർപ്പാപ്പായുടെ രാഷ്ട്രിയാധികാരം രണ്ടുമൂന്നു വിധത്തിൽ ഉണ്ടായിരുന്നതായി കാണാവുന്നതാണ്. ആദ്ധ്യാത്മിക ഭരണവിഷയത്തിലുള്ള പരമാധിപത്യത്തെ അടിസ്ഥാനപ്പെടുത്തി മതത്തേയും സന്മാർഗ്ഗത്തേയും സംബന്ധിച്ച കാർയ്യങ്ങളിൽ ക്രിസ്തീയ രാജാക്കന്മാരുടെമേൽ മാർപ്പാപ്പായ്ക്കു അധികാരമുണ്ടായിരുന്നു. തിരുസിംഹാസനത്തിൻെറ വകയായി ഇററലിയിൽ ഉണ്ടായിരുന്ന രാജ്യവിഭാഗത്തിന്മേൽ ഒരു രാജാവിനുള്ള സർവ്വാധികാരവും മാർപ്പാപ്പായ്ക്കു ഉണ്ടായിരുന്നു. ഈ രണ്ടു തരത്തിലുമുള്ള രാഷ്ട്രീയാധികാരത്തെപ്പററിയല്ല ഇവിടെ പ്രതിവാദിക്കുന്നത്. മദ്ധ്യശതാബ്ദങ്ങളിൽ സാമുദായികമായും സാന്മാർഗ്ഗികമായുമുള്ള നേതൃത്വശക്തി പ. സിംഹാസനമായിരുന്നു. ഈ നേതൃത്വശക്തിയെ അന്നത്തെ ജനസമുദായം പൊതുവേ ആദരിച്ചുവന്നു. ഈ വിധത്തിൽ പരിശുദ്ധ സിംഹാസനത്തിന് ക്രിസ്തീയലോകമായ യൂറോപ്പിൻെറ മേൽ പ്രത്യക്ഷമായ ഒരു മേലദ്ധ്യക്ഷതവന്നുകൂടി. ഇങ്ങനെ രാജ്യസംബന്ധമായും നാഗരികമായും മാർപ്പാപ്പാമാർ പതിനാറാം ശതവർഷംവരെ നടത്തിപ്പോന്നിരുന്ന അധികാരത്തെപ്പററിയാണ് ഇവിടെ നിർദ്ദേശിക്കുന്നത്.

പ്രസ്തുത രഷ്ട്രീയാധികാരം അക്കാലത്തെ സംവരണസ്ഥിതികളെ ആശ്രയിച്ചുണ്ടായിട്ടുള്ളതാണ്. ഇതിൻെറ ആഗമത്തെ ശരിയായ വിധത്തിൽ മനസ്സിലാക്കുന്നതിന് നാം മദ്ധ്യശതാബ്ദദൃഷ്ടികൾകൊണ്ടു നോക്കിയാലേ സാധിക്കയുള്ളൂ. ജനങ്ങളുടെ സമ്മതിക്കും നടപടികൾക്കുംപുറമേ അക്കാലത്തെ രാഷ്ട്രിയാവശ്യങ്ങളും തിരുസിംഹാസനത്തിനു അനവധി അധികാരങ്ങളേയും അവകാശങ്ങളേയും പ്രദാനം ചെയ്തു. മതവിശ്വാസത്തിൻെറ ഐക്യതയും മാർപ്പാപ്പായുടെനേർക്കുള്ള അദ്ധ്യാത്മികമായ അനുസരണയും നിമിത്തം യൂറോപ്പിലെ നാനാജനസമുദായവും ഏകയോഗമായിച്ചേരുകയും റോമ്മയെ അവരുടെ ഏകതലസ്ഥാനമായി ഗണിക്കയും ചെയ്തുവന്നു. മാത്രമല്ല, രാജവിഭാഗങ്ങളിലെല്ലാം കലഹം മൂത്തു ഭരണഘടന ദുർബലപ്പെടുകയോ, തകൎന്നുപോകയോ ചെയ്തിരുന്ന അത്യകാലത്തു വ്യവസ്ഥാപിതമായും സുസ്ഥിരമായും, സമാധാനപരമായും പരിശുദ്ധ സിംഹാസനംമാത്രം മാതൃകാസ്ഥാനമായി പരിലസിച്ചിരുന്നു. ഈ സ്ഥിതിക്ക പ. സിംഹാസനത്തെ എല്ലാ ജനങ്ങളും തങ്ങളുടെ സ്വാഭാവികനേതാവായി സ്വമേധയാ സ്വീകരിക്കാനിടവന്നു. യൂറോപ്പിൻെറ പൊതുസമാധാനത്തേയും ഐശ്വര്യത്തേയും ഉദ്ദേശിച്ചും മാർപ്പാപ്പാമാർ ഈ നായകത്വത്തെ നിർവ്വഹിക്കുന്നതിനു നിർബന്ധിതരാകയും ചെയ്തു. രാജാക്കന്മാരുടെ രാഷ്ട്രീയാധികാരത്തെ അപഹരിച്ച് സ്വശക്തിയെ വർദ്ധിപ്പിക്കുന്നതിനു വേണ്ടി മാർപ്പാപ്പാമാർ മനഃപൂർവ്വം സ്വാർത്ഥതയോടു ശ്രമിച്ചുവെന്നും തദുദ്ദേശസാദ്ധ്യത്തിനായി ഏതാനും അധികാരദാനപത്രങ്ങളും മററും വ്യാജമായി നിർമ്മിച്ചു ജനങ്ങളുടെ കണ്ണിൽ മണ്ണിട്ടുവെന്നും മററും കത്തോലിക്കമതവൈരികളായ പ്രോട്ടസ്റ്റൻറു പ്രഭൃതികൾ ദുഷ്പ്രവാദം ചെയ്യുന്നതു കേവലം അന്ധതാജന്യമാണ്. മാർപ്പാപ്പായുടെ രാഷ്ട്രിയാധികാരം ജനങ്ങളുടേയും രാജാക്കന്മാരുടേ

ഢ്യം ഏകകണ്ഠവും പ്രസ്പഷ്ടവും ആയ അനുമതിയിന്മേലും അംഗീകരണത്തിന്മേലും അടിസ്ഥാനപ്പെടുത്തിയതായിരുന്നു. ആ അധികാരസിദ്ധിക്കുവേണ്ടി അവർ യാതൊരു ഗൂഢതന്ത്രവും ജാലവിദ്യയും പ്രയോഗിച്ചിട്ടില്ല. നേരേമറിച്ച് ഋജുബുദ്ധികളും അഭേദമതികളും കപടഹീനരുമായിരുന്ന അന്നത്തെ ജനസഞ്ചയം അവൎക്കു ഗുണപ്രദായകമായ ആ അധികാരത്തെ പരിശുദ്ധ സിംഹാസനത്തിന്റെമേൽ ഭരപ്പെടുത്തുകയാണുണ്ടായത്. ഇങ്ങിനെ അവരുടെമേൽ ചുമത്തപ്പെട്ട അധികാരത്തെ മാൎപ്പാപ്പാമാർ അന്തഃകരണബോധത്തോടുകൂടി നിൎവ്വഹിക്കയാൽ മദ്ധ്യശതകങ്ങളിലെ യൂറോപ്യൻ ജനസമുദായത്തിന് അസാമാന്യമായ നാനാവിധ നന്മകൾ ലഭിച്ചുവെന്നുള്ളതു ഒരുവനും മറക്കുകയോ മറയ്ക്കുകയോ ചെയ്യാൻ പാടുള്ളതല്ല. ഇനി പ്രസ്താവിക്കുവാൻ ഉദ്ദേശിക്കുന്നതിൽനിന്നു ഇതു പ്രത്യക്ഷമാകുന്നതാണ്.

കേ. സി. വൎക്കി ബി. ഏ.

# മരണം നിശ്ചയം, നേരം നിശ്ചയമില്ല.

“വി. ജെ. ജോസഫ് ഇന്നലെ രാത്രി മരണംപ്രാപിച്ചിരിക്കുന്നു” എന്നു മൂവാററുപുഴെനിന്നടിച്ച ഒരു കമ്പി ഏപ്രിൽ ൨൮-ാംനു- ചൊവ്വാഴ്ച മാന്നാനത്തു കിട്ടി. ആരടിച്ച കമ്പിയാണെന്നും, ഏതു വി. ജെ. ജോസഫാണെന്നും മററും എല്ലാവരും സംശയിച്ചുകൊണ്ടിരിക്കെ, വെള്ളിയാഴ്ചത്തെ അഞ്ചലിൽ താഴെക്കാണുന്ന എഴുത്തു വന്നുചേൎന്നു.

“പ്രി. ബ. എന്റെ അച്ചാ, ഞങ്ങളുടെ വി. ജെ ജോസഫ് വെട്ടുകല്ലുപുറത്തിന്റെ മരണത്തെപ്പററി അയച്ച കമ്പി കിട്ടിയിരിക്കുമെന്നു വിശ്വസിക്കുന്നു. ശനിയാഴ്ച രാത്രി ൯ മണിക്കാണല്ലോ സ്കൂൾപൂട്ടി ഞങ്ങൾ വീട്ടിലേക്കുപോന്നത്. ഞായറാഴ്ച കാലത്തു ഒൻപതുമണിയോടെ ഞങ്ങൾ കൂത്താട്ടുകുളത്തു എത്തി. വെയിലിന്റെ ആധിക്യം കൊണ്ടു ഉച്ചയൂണുകഴിഞ്ഞു പോകാമെന്നുവെച്ച് അവിടെ താമസിച്ചു. ഊണുതുടങ്ങി അല്പം കഴിഞ്ഞപ്പോൾ ജോസഫിനു ഒരു വിയൎപ്പും പരവശവും തോന്നുകയാൽ ഉടനെ ഒരു കട്ടിലിൽക്കയറികിടന്നു. വേഗം ഞങ്ങളും എഴുന്നേററു ചെന്നു. അപ്പോൾ അവൻ ഒന്നു ഛൎദ്ദിച്ചു. പത്തുമിനിട്ടു കഴിഞ്ഞു ഒരിക്കൽക്കൂടെ ഛൎദ്ദിക്കയും വയററിൽനിന്നു പോകയുമുണ്ടായി. ഉടനെ ഞങ്ങൾ വണ്ടിപിടിച്ചു മൂവാററുപുഴയ്ക്കു തിരിച്ചു. വണ്ടിയിൽവെച്ചു നാലുപ്രാവശ്യംകൂടെ ഛൎദ്ദിച്ചു. രാത്രി ഒൻപതുമണിയോടെ മൂവാററുപുഴപ്പള്ളിയിൽ ചെന്നുചേൎന്നു. അവിടത്തെ വികാരി പ്ലാത്തോട്ടത്തിൽ ബ. കുഞ്ഞച്ചനവൎകളുടെ താല്പൎയ്യത്താൽ ആസ്പത്രിയിൽ ഒരു പ്രത്യേക സ്ഥലം അനുവദിച്ചു കിട്ടുകയും രാത്രിതന്നെ ഡോക്ടർ വന്നു പരിശോധിച്ചു വേണ്ട മരുന്നുകൾ കൊടുക്കയും ചെയ്തു. വെളുക്കുന്നതുവരെ പിന്നെ പറയത്തക്ക കൂടുതലൊന്നുമുണ്ടായില്ല. എങ്കിലും വെളുത്തതിന്റെശേഷം ദീനം പ്രതിനിമിഷം വൎദ്ധിച്ചു. ഡോക്ടർ അരികേതന്നെ ഇരുന്നു ശുശ്രൂഷിച്ചിരുന്നു. ആകപ്പാടെ രോഗം അപകടത്തിലാണെന്നു അദ്ദേഹം പറഞ്ഞതിനാൽ ൧൦ മണിക്കു അന്ത്യകൂദാശകളെല്ലാം കൊടുത്തു. സംസാരിക്കാൻ പാടില്ലായിരുന്നെങ്കിലും, നല്ല സന്തോഷത്തോടും ബോധത്തെളിവോടുംകൂടെ എല്ലാം കൈക്കൊണ്ടു. ചികിത്സകൾ പിന്നെയും ഓരോന്നു ചെയ്തുകൊണ്ടിരുന്നു. കടശി കുത്തിവയ്പുമുണ്ടായി. പക്ഷെ ദൈവനിശ്ചയം വേറെയായിരുന്നു. രാത്രി ഒൻപതേമുക്കാൽ മണിയോടെ രോഗി ഇഹലോകവാസം വെടികയും ചെയ്തു. മരിക്കുമ്പോൾ ജോസഫിന്റെ അപ്പാപ്പനും, ജ്യേഷ്ഠനും, അളിയനും കൂട്ടുകാരായ ഞങ്ങൾ മൂന്നുപേരും ഇങ്ങനെ ആറെട്ടു ആളുകൾ അരികേ ഉണ്ടായിരുന്നു. മാന്നാനത്തുനിന്നു തിരിച്ചിട്ടു വീട്ടിലെത്തുന്നതിനുമുമ്പു ഇങ്ങനെ സംഭവിക്ക

ന്നെന്നു ആരു വിചാരിച്ചു!...”

അഞ്ചാംഫാറത്തിലെ വാർഷികപരീക്ഷയുംകഴിഞ്ഞു, അവധിക്കു ബോർഡിങ്ങിൽനിന്നു വീട്ടിലേക്കു പോയ ഒരു കുട്ടിയുടെ അവസാനമാണു മേൽകണ്ടതു്. ദൈവപേടിയുള്ള സുശീലന്മാരായ നല്ല കുഞ്ഞുങ്ങളെ കണ്ടെത്തുന്നതിനു വളരെ വിഷമമുള്ള കാലമാണിതു്. പരേതനായ ഈ കുട്ടിയെപ്പോലെയുള്ളവർ ഇക്കാലത്തുണ്ടല്ലോ എന്നു് ഇതെഴുതുന്നയാൾ ആശ്ചര്യപ്പെട്ടുപോയിട്ടുള്ളതാണു്. എന്നുതന്നെയല്ല ഇങ്ങനെയുള്ളവർ പോലും ദുഷ്ടതനിറഞ്ഞ ഈ ലോകത്തിൽ കടന്നു മലിനപ്പെട്ടുപോകാനിടയുണ്ടല്ലോ എന്നോർത്തു ദുഃഖിച്ചിട്ടുമുണ്ടു്. ദൈവം പലപ്പോഴും ചെയ്യുന്നതുപോലെ, അതിന്നിടയാകാതെ, ഈ തന്റെ വാത്സല്യ കുസുമത്തെയും ഇതാ പറിച്ചുകൊണ്ടുപോയിരിക്കുന്നു.

തന്റെ സഹപാഠികൾക്കു സർവ്വഥാ അനുകരണീയനായ ഒരു ബാലനായിരുന്നു ഇയ്യാൾ എന്നു പറയുന്നതിൽ ആരും വിസമ്മതിക്കുമെന്നു തോന്നുന്നില്ല. ഒടുവിലത്തെ ഒരു സംഭവം ഇപ്പോഴും എന്റെ ഓർമ്മയിലിരിക്കുന്നു. പോയ ദിവസം ശനിയാഴ്ച, അവധി തുടങ്ങിയതിന്റെ സന്തോഷത്താൽ കുട്ടികളെല്ലാവരും നാലുപാടും ഓടിത്തകൃത്തു നടക്കയിൽ ജോസഫ് മുറിയിലേക്കു വന്നു. സഹജമായ ആ മൃദുസ്വരത്തിൽ ‘കർമ്മലകുസുമം’ ഒന്നു വായിക്കാൻ കിട്ടുമോ എന്നു പറഞ്ഞുകൊണ്ടുപോകയും, ശ്രദ്ധാപൂർവ്വം മുഴുവൻ വായിച്ചിട്ടു ഉച്ചകഴിഞ്ഞു കൃത്യമായി തിരികെ ഏല്പിച്ചു പുഞ്ചിരിയോടുകൂടെ ഇറങ്ങിപ്പോകയും ചെയ്തു. ആ ബഹളനേരത്തു ‘കർമ്മലകുസുമം’ വായിക്കാനുള്ള ചിന്ത അധികം തലകളിൽ കയറുന്നതല്ല. കുസുമത്തിനു അഞ്ചു പുതിയ വരിക്കാരെച്ചേർത്തു പണം മുന്നാടച്ച് അതിന്റെ സമ്മാനവും വാങ്ങിക്കൊണ്ടാണു വീട്ടിലേക്കു പോയതു്. കർമ്മലനാഥ തന്റെ വാത്സല്യമകനു നിത്യസമ്മാനം ലഭിച്ചുകൊടുക്കുമാറാകട്ടെ!

ചാവുദോഷത്തോടുകൂടെ ഉറങ്ങുന്നതിനു ഒരിക്കലും ഇടയാകരുതേ എന്നു എന്റെ കുട്ടികളോടു ഞാൻ പറഞ്ഞയച്ചിട്ടുള്ള അന്ത്യോപദേശം എത്ര ആവശ്യകമാണെന്നു ഇപ്പോൾ അവർക്കു നല്ലപോലെ ബോദ്ധ്യപ്പെടും. എന്തുകൊണ്ടെന്നാൽ മരണം നിശ്ചയം; എന്നാൽ, അതിന്റെ നേരം എപ്പോഴാണെന്നു ആർക്കും ഒരു നിശ്ചയവും ഇല്ലതന്നെ.

ബോർഡിങ്ങു റെക്റ്റർ.

## ‘പാപ്പാമതം’ പുകച്ചുകളയും.

(ഒരു കഥ)

൧൯൩൦ മെ മാസം ൨൦-ാം തിങ്കളാഴ്ച അമേരിക്കയിൽ പിറ്റ്സ്ബർഗ് എന്ന സ്ഥലത്തുള്ള കർനീജി ഹാളിൽ ‘പാപ്പാമത’ത്തിനു എതിരായി ഒരു വലിയ സമ്മേളനം നടന്നു. രാത്രിയോടുകൂടിയാണു സംഘം അവസാനിച്ചതു്. പൂർണ്ണചന്ദ്രൻ പകൽപോലെ ദിക്കെങ്ങും പ്രകാശിപ്പിച്ചുകൊണ്ടിരുന്നു. യോഗനടപടികളുടെ വിജയത്തെപ്പറ്റി പ്രശംസിച്ചുകൊണ്ടു, സമ്മേളനശാലയ്ക്കു പുറത്തുള്ള വിശാലമായ മൈതാനത്തിൽ ഒരോരുത്തർ സംഘംചേർന്നു നിന്നുല്ലസിക്കുമ്പോൾ മുമ്പൊരിക്കലും അവിടെ കണ്ടിട്ടില്ലാത്ത തരത്തിലുള്ള ഒരു വിമാനം പെട്ടെന്നു ആകാശത്തിൽ പ്രത്യക്ഷപ്പെട്ടു. ക്രമേണ അതു ഭൂമിയിലേക്കു അവരോഹണം ചെയ്തതോടെ ജനസമൂഹം അതിനു ചുറ്റും വന്നുകൂടി. ദീർഘകായനും മദ്ധ്യവയസ്കനുമായ ഒരു മനുഷ്യൻ അതിൽനിന്നും പുറത്തേക്കിറങ്ങി, ആശ്ചര്യഭരിതനായി ചുറ്റും നോക്കിക്കൊണ്ടുനിന്നു. അപ്പോഴേക്കു സംഘാദ്ധ്യക്ഷനായിരുന്ന ജനറൽ ജെന്നിസ് എന്ന മേറ്റം ആദ്ധ്യാത്മികകാര്യദർശിയായ ജോഹർസൺ പാതിരിയോടൊന്നിച്ചു അവിടെ എത്തിക്കഴിഞ്ഞു. അവരിരുവരും രംഗപ്രവേശം ചെയ്കയിൽ ജനക്കൂട്ടം ഉപചാരപൂർവ്വം നീങ്ങിനിന്നു സ്ഥലം കൊടുത്തുകൊണ്ടു് അവരുടെ

നേക്കുള്ള ദുസ്സഹ ഗ്രഹാന്തരങ്ങളെ പ്രദർശിപ്പിക്കുന്നതു കണ്ടു വിമാനചാരി മുമ്പോട്ടു വന്ന് അവരെ അഭിവാദ്യംചെയ്തു ഇങ്ങനെ പറഞ്ഞു: “മാന്യരേ! ഞാൻ ചൊവ്വാ എന്ന ഗ്രഹത്തിലെ ഏകച്ഛത്രാധിപതിയുടെ വിമാനസൈന്യത്തിന്റെ നേതാവാണ്. ഷെവാൻ കേപർഡെക്ക് എന്നാണു എന്റെ പേരു. പ്രതികൂലമായ കാററുനിമിത്തം ഇപ്പോൾ ഇവിടെ എത്തിയിരിക്കുന്നു. ഞങ്ങൾ ഏതൊരു ദിക്കിലാണെന്നു യാതൊരു നിശ്ചയവുമില്ല”. (വിമാനത്തിൽനിന്നു അപ്പോൾ പുറത്തേക്കിറങ്ങിവന്ന വേറൊരാളെ ഇവർക്കു പരിചയപ്പെടുത്തിക്കൊണ്ടു) “ഇദ്ദേഹം എന്റെ സെക്രട്ടറിയാണ്. അത്തേൽസ്റ്റൻ എന്നു പേരു ”

അഗതരായ വിദേശീയരുടെ ഏതാദൃശചരിത്രം കേട്ടപ്പോൾ ജനസംഘത്തിലുണ്ടായ അത്ഭുതപാരവശ്യം ഇന്നവിധമെന്നു പറഞ്ഞറിയിക്കാവുന്നതല്ല. നാലുഭാഗത്തുനിന്നും ആളുകൾ തിക്കിത്തിരക്കി അവിടേക്കു വന്നുകൂടി. നവീനമനുഷ്യരെ ആദ്യമായി സ്വീകരിക്കുന്നതിനുള്ള ഭാഗധേയം തനിക്കുതന്നെ സിദ്ധിച്ചതിനാലുള്ള അഭിമാനത്തോടെ ജനറൽ നൈൽസ് സവിശേഷം പ്രത്യക്ഷപ്പെട്ടു ഇപ്രകാരം അവർക്കു സ്വാഗതം ആശംസിച്ചു: “മാന്യരേ! അന്തിപ്പാപ്പാ മഹാസംഘത്തിന്റെ സ്ഥിരാദ്ധ്യക്ഷൻ എന്ന നിലയിൽ നിങ്ങൾക്കു ഞാൻ സ്വാഗതം പറയട്ടെ. ചൊവ്വായിൽ ജീവജാലങ്ങൾ ഉണ്ടോയെന്നു ഇതേവരെ ഞങ്ങൾ സംശയിച്ചിരുന്നു. ഇപ്പോൾ സംശയം തീർന്നുവെന്നു മാത്രമല്ല, ഞങ്ങളുടെ ഭാഷതന്നെയും സംസാരിക്കുന്ന ആളുകൾ അവിടെയുണ്ടെന്നു ഇതാ ബോദ്ധ്യപ്പെട്ടിരിക്കുന്നു”.

അത്തേൽസ്റ്റൻ— മഹാജനങ്ങൾക്കെല്ലാം വന്ദനം. എന്നാൽ ഇപ്പോൾ ഞങ്ങൾ എവിടെയാണു നിൽക്കുന്നതെന്നറിവാനാഗ്രഹിക്കുന്നു.

നൈൽസ്— നവഗ്രഹങ്ങളിൽ വെച്ചു ചൊവ്വായോടു ഏററവും അടുത്ത സ്ഥിതിചെയ്യുന്ന ഭൂഗോളത്തിലാണു നിങ്ങൾ വന്നിറങ്ങിയിരിക്കുന്നത്.

കെപർഡെക്ക്— (അത്തേൽസ്റ്റനോടു) എന്തൊരാപത്താണു വന്നുനേരിട്ടിരിക്കുന്നത്. നിശ്ചിതസമയത്തു തിരിച്ചെത്തിയില്ലായെങ്കിൽ — (ജനറൽ നൈൽസിനോടു) ആകട്ടെ. ഏതായാലും നിങ്ങളെ കാണ്മാനിടയായതു ഞങ്ങൾക്കു വളരെ സന്തോഷം. ചുരുങ്ങിയ ഒരു നേരം മാത്രമേ ഞങ്ങൾക്കു താമസിപ്പാൻ നിവൃത്തിയുള്ളു. അതിനിടെകൊണ്ടു നിങ്ങളുടെ ഈ ഗോളംസംബന്ധിച്ചു ശേഖരിപ്പാൻ പാടുള്ള അറിവുകളെല്ലാം സമ്പാദിച്ചുകൊണ്ടുപോകാൻ ഞങ്ങൾക്കാഗ്രഹമുണ്ട്.

ജെഫർസൻ— നിങ്ങളുടെ ഗോളത്തെപ്പററിയുള്ള എല്ലാ വിവരങ്ങളും അറിവാൻ ഞങ്ങൾ അതിലും അധികം ആഗ്രഹിക്കുന്നു. അവിടെയും പാപ്പാമതം ഉണ്ടോ എന്നറിഞ്ഞെങ്കിൽ കൊള്ളായിരുന്നു.

കെപർഡെക്ക്— ഞങ്ങളുടെ ഗ്രഹം സംബന്ധിച്ച വിവരങ്ങളെക്കുറിച്ചു അടുത്ത ഒരു വരവിലല്ലാതെ പറവാൻ നേരം കിടക്കുന്നതല്ല. അതിനാൽ ഇത്തവണ ക്ഷമിക്കണം. ഏതായാലും നിങ്ങൾ പറയുന്ന ആ കൂട്ടരെപ്പററി അവിടെ കേട്ടിട്ടില്ല. അവർ ആരാണ്?

ജെഫർസൺ— അവർ ലോകത്തിന്റെ ശത്രുക്കളാണ്. മനുഷ്യസ്വാതന്ത്ര്യത്തിന്റെ പ്രതികൂലികളാണ്. പരിഷ്കാരത്തിന്റെ പ്രതിബന്ധമാണ്. പാപ്പാമതം ഇല്ലാതിരുന്നെങ്കിൽ ലോകത്തിനു എത്ര നന്നായിരുന്നു. അതു പുകച്ചുകളയുന്നതിനാണു ഞങ്ങളുടെ ശ്രമം. ഇന്നത്തെ ഞങ്ങളുടെ ഈ വലിയ സമ്മേളനവും അതിനായിട്ടുള്ളതായിരുന്നു. അചിരേണ അതു സാധിച്ചുകാണ്മാനിടയാകും.

നൈൽസ്— ദൈവം അതിനിടയാക്കട്ടെ.

കെപർഡെക്ക്— ഇങ്ങനെയുള്ള ജനങ്ങൾ ആരായാലും അവരെ നശിപ്പിക്കതന്നെവേണം. ഈ ജനക്കൂട്ടം ആരാണ്? എവിടെ വസിക്കുന്നു?

നൈൽസ്— പാപ്പാമതക്കാരായ ഇവർ ഭൂമൊത്ത ഒരു വലിയ ജനക്കൂട്ടമായിത്തീർന്നിരിക്കുന്നു. സത്യമതം അവരുടേതു മാത്രമെന്നു അവർ ശഠിക്കുന്നു. മുക്തിപ്രാപിക്കുന്നതിനു വേറെ മാർഗ്ഗമില്ലെന്നാണു അവരുടെ സിദ്ധാന്തം! എന്തൊരു ധിക്കാരം!

അത്തേൽസ്റ്റൻ— ധിക്കാരമാണു പറ

റയുന്നതെങ്കിൽ അവരെ നശിപ്പിച്ചുകളകതന്നെ വേണം. നാം നിൽക്കുന്ന ഭൂവിഭാഗത്തിൻെറ പേരെന്താണ്?

നൈൽസ്— ലോകത്തിൻെറ ഒന്നു പകുതി ഭാഗവും അടക്കിക്കൊള്ളുന്ന ഈ വൻകരയുടെ പേർ അമേരിക്കാ എന്നാണ്. അമ്മേരിഗോ വെസ്പൂച്ചി എന്ന ആ മഹാനുഭാവൻെറ സ്മരണയെ ഇതു നിലനിറുത്തുന്നു.

കെപർഡെക്ക്— അദ്ദേഹം ആരാണ്? ആ പൂജ്യനെ ഒന്നു കാണ്മാൻ സാധിക്കുമോ?

നൈൽസ്— ഹാ! അദ്ദേഹം അന്തരിച്ചിട്ടു നാലു യുഗങ്ങൾ കഴിഞ്ഞിരിക്കുന്നു. അദ്ദേഹം— (അല്പം ശങ്കിച്ചിട്ടു) അദ്ദേഹം ഒരു പാപ്പാമതക്കാരനായിരുന്നു.

ജെഫേർസൻ— അദ്ദേഹത്തിൻെറ നാമത്താൽ ഈ ഭൂഖണ്ഡം അറിയപ്പെട്ടന്നെങ്കിലും ആദ്യമായി ഇതിനെ കണ്ടുപിടിച്ചതു് വേറൊരാളാണെന്നുള്ളതു മറന്നുകളയരുതു്.

കേപർഡക്ക്— അതാരാണ്?

ജെഫർ— ക്രിസ്റ്റോഫർ കൊളമ്പസ് എന്നു വിശ്വവിശ്രുതനായ ഒരു ദേഹം.

നൈൽസ്— പക്ഷേ അദ്ദേഹവും ഒരു പാപ്പാമതക്കാരൻ തന്നെയായിരുന്നു എന്നാണു പറയുന്നതു.

അത്തേൽസ്റ്റൻ— ആങ്ങ്ഹാ! (തുടരും)

ഫാദർ സൈമൺ സി. ഡി.

## പരമ്പുകോട്ടയ്ക്കു അരിമ്പുവെടി.

II.

ഇസ്രായേൽ ജനത്തിൻെറ ശീസ്മയും മലങ്കര സുറിയാനിസഭനിലെ "പുത്തൻക്രൂറും" സമത്തിൽ കലാശിക്കും.

ഇവിടെ വിവരിപ്പാൻ ആരംഭിക്കുന്ന ചരിത്രസംഭവം "കാതോലിക്ക്സഭ" എന്ന യാക്കോബായ പരമ്പുകോട്ടയെ തകൎത്തുന്ന ഒരു വെടി ആയിരിക്കണമെന്നല്ല ഞങ്ങൾ മുഖ്യമായി ഉദ്ദേശിക്കുന്നതു; സത്യതിരുസഭയിലേക്കു പിന്തിരിവാൻ ആഗ്രഹിക്കുന്ന സകല യാക്കോബായ സഹോദരൎക്കും ഇതു നല്ല ഒരു ദീപസ്തംഭമായിരിക്കണമെന്നത്രെ ഞങ്ങളുടെ പ്രാൎത്ഥന.

ഇസ്രായേൽ ജനത്തിൻെറ ശീസ്മയും അതിൻെറ കലാശവും മലങ്കരസുറിയാനിക്കാരെ ഒരു നല്ലപാഠം പഠിപ്പിക്കുന്നുണ്ടു്. ദൈവത്തിൻെറ തെരിഞ്ഞെടുക്കപ്പെട്ടജനമായ ഇസ്രായേൽക്കാർ ദാവീദിൻെറയും സ്ലീമോൻെറയും വാഴ്ചകാലങ്ങളിൽ മഹത്വത്തിൻെറ പരമകാഷ്ഠയെ പ്രാപിച്ചു. എന്നാൽ സ്ലീമോൻെറ മരണശേഷം മകൻ (Rehoboam) റഹബാം വാഴ്ചയിൽ ഇസ്രായെലിൻെറ പന്ത്രണ്ടുഗോത്രങ്ങളിൽ പത്തും അയാളോടു മറുതലിച്ചു ഭിന്നകക്ഷിയായി പിരികയും, സ്ലീമോൻ രാജാവിൻെറ പഴയ ഭൃത്യന്മാരിൽ ഒരുവനായ (Joroboam) ജെറബാം എന്നയാളെ തങ്ങൾക്കു രാജാവായിട്ടു തെരിഞ്ഞെടുക്കയും ചെയ്തു. യൂദായുടെയും ബെനിയാമീൻെറയും രണ്ടു ഗോത്രങ്ങൾ മാത്രം റഹബാംരാജാവിനോടുവിശ്വസ്തരായി യോജിച്ചുനിന്നു. ഇവൎക്കു യൂദായുടെ രാജ്യമെന്നും, ഭിന്നകക്ഷിക്കു ഇസ്രായേലിൻെറ രാജ്യമെന്നും പേരുണ്ടായി. യൂദായുടെ രാജ്യം നമ്മുടെ "പഴയക്രൂറുകാരെ"യും, ഇസ്രായേലിൻെറ രാജ്യം "പുത്തൻക്രൂറുകാരെ"യും സൂചിപ്പിക്കുന്നു. യൂദായുടെ രാജ്യത്തിൽ രാജധാനി പട്ടണം ഓർസ്ലേമായിരുന്നു. അവിടെ സത്യദൈവത്തിൻെറ ഏകദേവാലയവും, ദൈവം സ്ഥാപിച്ച വേദവും ഗുരുപ്പട്ടവും ഭംഗമെന്യേ കാക്കപ്പെട്ടിരുന്നു. ഇസ്രായേൽ രാജ്യത്തിൻെറ രാജധാനി കടശികാലത്തു സമരിയ ആയെങ്കിലും, ആദ്യകാലത്തെ കേന്ദ്രസ്ഥാനങ്ങൾ (Bethel) ബേതെൽ (Dan) ദാൻ എ

ന്ന സ്ഥലങ്ങളായിരുന്നു. ഈ രണ്ടു സ്ഥലങ്ങളിലും ജെറബോം രാജാവു് സ്വപ്നംകൊണ്ടു രണ്ടു കാളവിഗ്രഹങ്ങളെയുണ്ടാക്കി സ്ഥാപിച്ചിട്ടു് "ഇസ്രായേലെ! ഇതാ നിന്റെ ദേവന്മാർ. ഇനി ഓർശ്ലേത്തേക്കു പോകേണ്ട" എന്നു കല്പിച്ചു. ഓർശ്ലേത്തേക്കു പോയാൽ, കടശികാലം വരെ തങ്ങൾ അനുസരിച്ചുവന്ന സത്യവേദം വീണ്ടു സ്വീകരിക്കയും, കടശിവരെ തങ്ങൾ ആചരിച്ചുവന്ന സത്യഗുരുക്കളെയും മേല്പട്ടക്കാരേയും വീണ്ടും സ്വീകരിക്കയും ചെയ്യുമെന്നും, ഇങ്ങനെ തന്റെ ആജ്ഞയിൽനിന്നു ജനങ്ങൾ പോകുമെന്നും ഭയന്നിട്ടത്രെ രാജാവു് ഇപ്രകാരം കല്പിച്ചതു്. ൧൬൫൩-ൽ മലങ്കര സുറിയാനിസഭയിൽ പുത്തൻകൂറുണ്ടായപ്പോൾ ഈ നാട്ടിൽ ഏകകത്തോലിക്കതിരുസഭയല്ലാതെ വേറെയാതൊരു ശീസ്മകക്ഷിയൊ പതിതമതമൊ ഉണ്ടായിരുന്നില്ല. തങ്ങൾ ഉപേക്ഷിച്ച വന്ദ്യദിവ്യശ്രീ ഫ്രാൻസിസ് ഗാർസ്യാ മെത്രാനും, അദ്ദേഹത്തിന്റെ മുൻഗാമികളായ ജസ്വീററു് മെത്രാന്മാരും, ഇവൎക്കുമുമ്പായി മലങ്കര സുറിയാനിക്കാരെ ൧൫൯൭ വരെ സമാധാനത്തോടെ ഭരിച്ചുവന്ന മാർ ഔറാഹം മെത്രാനും കത്തോലിക്കമെത്രാന്മാരായിരുന്നു. ഇവയൊക്കെ പ്രസ്പഷ്ടമാകയാൽ പുത്തൻകൂറു കക്ഷിയിൽ ഒരു മെത്രാൻ ഇല്ലാതിരുന്നാൽ ജനങ്ങൾ ക്രമേണ പഴയകൂററിലേക്കു മടങ്ങി പോകുമെന്നുള്ള ഭയംമൂലം പന്ത്രണ്ടു പട്ടക്കാർ ചേൎന്നുകൊണ്ടു മാർ തോമ്മാ അൎക്കിദിയാക്കോനെ ആലങ്ങാട്ടു പള്ളിയിൽവച്ചു മെത്രാന്റെ വേഷം ധരിപ്പിക്കയും മെത്രാനെന്നു പേർ വിളിക്കയും ചെയ്തു. ഇതാ പുത്തൻകൂറുകാൎക്കു കിട്ടിയ അത്ഭുതകാളവിഗ്രഹം! മെത്രാൻവേഷധാരിയായ ഇദ്ദേഹം മുതൽ ഇപ്പഴത്തെ തിരുമേനികൾ വരെയുള്ള സകല പുത്തൻകൂറുമെത്രാപ്പന്മാൎക്കും പട്ടക്കാൎക്കും ജനങ്ങൾ പഴയകൂററിലേക്കും ഏകകത്തോലിക്കതിരുസഭയിലേക്കും പിന്തിരിയുന്നതു മഹാ സങ്കടമാണു്. എങ്കിലും ൧൬൬൩-ൽ കുറവിലങ്ങാട്ടുപള്ളി ഇടവക പാലിററം കുടുംബത്തിൽ റെട്ടു കുടക്കശ്ശേരിൽ ചാണ്ടിമെത്രാൻ വാഴ്ചയേററപ്പോൾ പുത്തൻകൂററിൽ നിന്നിരുന്ന ഒരു വലിയഭാഗം ആളുകൾ പഴയകൂററിലേക്കു ചേരുകയുണ്ടായി. എന്നാൽ ഇക്കാലത്തു ഒന്നല്ല നാലു കത്തോലിക്ക സുറിയാനി മെത്രാന്മാർ പഴയകൂററിൽ ഉണ്ടായിരിക്കയിൽ പണ്ടു പറങ്കികളോടു പിണങ്ങിപ്പോയ പുത്തൻകൂറു സുറിയാനിക്കാരെല്ലാവരും ഇന്നു പഴയകൂററിലേക്കു ചേരാതെ ഇനിയും കാളവിഗ്രഹത്തെ എന്തിന്നു വന്ദിക്കുന്നു?

ഇനി ഇസ്രായേലിന്റെ ശീസ്മ എങ്ങിനെ കലാശിച്ചു എന്നുകാണേണം. ശീസ്മകക്ഷിയായി പിന്തിരിഞ്ഞവർ ഉടനെ വിഗ്രഹാരാധനയിൽവീണു. ഇവൎക്കോരൊ സമയങ്ങളിൽ ദൈവം ദീൎഘദൎശികൾ വഴിയായിട്ടു സത്യം അറിയിച്ചു. എങ്കിലും മാനസാന്തരപ്പെട്ടില്ല. ഇവൎക്കു തുൎച്ചയായി ൧൯ രാജാക്കന്മാരുണ്ടായി. എല്ലാവരും ദുഷ്ടന്മാരും ദൈവദ്രോഹികളുമായിരുന്നു. എന്നാൽ ആക്കാബു് രാജാവിന്റെ വാഴ്ചകാലത്തു ഇസ്രായേലിന്റെ തിന്മ ഏററവും വൎദ്ധിച്ചു. അക്കാലത്തു വിശുദ്ധ ഏലീയാദീൎഘദൎശി ആക്കാബു് രാജാവിനെയും ജനത്തേയും കൎമ്മേലമലയിൽ വിളിച്ചുവരുത്തി, അവർ വണങ്ങുന്ന ബാൽദേവൻ സത്യദൈവമല്ലെന്നും, താൻ വണങ്ങുന്ന ദൈവം സത്യദൈവമാണെന്നും ആകാശത്തിൽനിന്നു തീയിറക്കി ദഹിപ്പിച്ച വിസ്മയകരബലിമൂലം സകലൎക്കും മുമ്പാകെ തെളിയിച്ചു. ഉടനെ ജനങ്ങൾ മനസ്സാന്തരപ്പെട്ടു സത്യദൈവത്തെ കുമ്പിട്ടാരാധിച്ചു, ബാൽദേവന്റെ പൂജാരികളായ ൪൫൦ പേർ അപ്പോൾ തന്നെ കൊല്ലപ്പെട്ടു. എന്നാലും ഈ മാനസാന്തരം അധികനാൾ ദീൎഘിച്ചില്ല. ക്രമേണ ജനം വീണ്ടും വിഗ്രഹാരാധനയിൽ തന്നെവീണു. ഇതിനാൽ ദൈവം അസ്സീൎയ്യരാജാവായ (Tiglath Pilesser) തിഗ്ലാത്തു പിലിസാർ യോൎദനാൻനദിക്കു കിഴക്കു വസിച്ചിരുന്ന ഗോത്രക്കാരെ അടിമകളായികൊണ്ടുപോകുവാൻ അനുവദിച്ചു. അനന്തരം പ്രസ്തുത രാജാവിന്റെ മകനായ (Shalmaraser) ഷൽമനാസർവന്നു സമറിയാ പട്ടണം പിടിച്ചടക്കുകയും ഹൊസ്യാ രാജാവിനെയും ബാക്കി ജനത്തേയും അടിമകളായികൊണ്ടുപോകയും ചെയ്തു. ഇങ്ങനെ ഇസ്രായേ

ലിന്റെ ശീസ്മരാജ്യം ഉദ്ദേശം ൨൫൦ വത്സരത്തോളം നിന്നശേഷം ക്രിസ്തുവിനു മുമ്പു ൭൨൧-ാമാണ്ടു അവസാനിച്ചു. യൂദെയാരാജ്യത്തെക്കാൾ അഞ്ചു മടങ്ങു വലിയതായിരുന്ന ഇസ്രായേൽ രാജ്യം ദൈവശാപം മൂലം ഇങ്ങിനെ നാമാവശേഷമായിത്തീൎന്നു. അനേകലക്ഷം ജനങ്ങളടങ്ങിയ ഇക്കൂട്ടരിൽ മഹാന്മാരായ ആളുകൾ പലരുണ്ടായിരുന്നു. ഇവർ വിഗ്രഹാരാധനയിൽ വീഴാതെ രഹസ്യത്തിൽ സവിശ്വാസത്തോടെ പഴയ വേദപ്രമാണമുറക്കു സത്യദൈവത്തെ വണങ്ങിയിരുന്നു. ഈ തരത്തിൽപെട്ട ൭൦൦൦ പേരെക്കുറിച്ചു ദൈവം വിശുദ്ധ ഏലിയാ ദീൎഘദൎശിയോടു ഒരിക്കൽ അറിയിക്കയുണ്ടായി. ഇസ്രായേൽ രാജ്യം നശിച്ചശേഷം സമറിയ ദേശത്തുള്ള പട്ടണങ്ങളിൽ അസ്സീറിയക്കാർ കുടിയേറിപ്പാൎത്തു; ഇവരും പണ്ടെ തന്നെ അവിടങ്ങളിൽ ശേഷിപ്പായി കിടന്നിരുന്ന ഇസ്രായേൽക്കാരും തമ്മിൽ യോജിച്ചുണ്ടായ ജനമാണു "സമറായക്കാർ" എന്ന പതിതജനം. യൂദന്മാർ ഈ പതിതഗണത്തെ അത്യന്തം വൎജ്ജിച്ചിരുന്നു. മിശിഹായുടെ കാലത്തും യൂദന്മാൎക്കു ഈ വൎജ്ജനമുണ്ടായിരുന്നു. ഇതാ ഇസ്രായേൽ ശീസ്മയുടെ കലാശം! മലങ്കരയിലെ സുറിയാനി സഭയിൽനിന്നു ൧൬൫൩-ൽ പിരിഞ്ഞ ശീസ്മകക്ഷി യാക്കോബായ പാഷണ്ഡമതത്തിലേക്കു വീണു. ഭിന്നിതമുണ്ടായിട്ടു ഇപ്പോൾ ൨൬൯ വത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു. ഇതും ഇനി ഒരുവിധത്തിൽ കലാശിപ്പാൻ ആവശ്യം. പണ്ടെ തന്നെ ലണ്ടൻ ചർച്ചുമിഷ്യൻ സൊസൈറ്റിക്കാർ വന്നു ഒരു ഭാഗം കീഴടക്കിക്കൊണ്ടുപോയി. പ്രോട്ടെസ്റ്റണ്ടു കക്ഷിയും നവീകരണകക്ഷിയും നീക്കിയിട്ടു ബാക്കിയുള്ള ഭാഗം, ദൈവം സ്ഥാപിച്ച ഏകകത്തോലിക്ക തിരുസഭയിലേക്കു തിരിയാത്തപക്ഷം, യൂണിയൻ കോളജു മുതലായ പല നവീന ഏൎപ്പാടുകൾ മൂലം ഒരു "സമ്മിശ്ര"കക്ഷിയായിത്തീരും. ഇവർ മലയാളത്തിലെ "സമറായക്കാർ" ആയിക്കലാശിക്കും. കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ! ഗ്രഹിപ്പാൻ ബുദ്ധിയുള്ളവൻ ഗ്രഹിക്കട്ടെ!

"കർമ്മലകുസുമം"

## കർമ്മലനാഥയുടെ കുഞ്ഞുമക്കളോടു.

പ്രിയ കുഞ്ഞുങ്ങളേ, നിങ്ങളുടെ കൊച്ചച്ചനു നല്ല സുഖമില്ലാതിരുന്നതുകൊണ്ടുമാത്രമാണു കുറേനാളായിട്ടു തമ്മിൽ കാണ്മാൻ ഇടയാകാഞ്ഞതു്. എന്നാൽ ചിലരൊക്കെ അന്വേഷണം തുടങ്ങിയിരിക്കുന്നു. എന്നുതന്നെയല്ല, നമ്മുടെ അമ്മയുടെ വണക്കമാസവും ഇതാ വന്നുചേൎന്നിരിക്കുന്നു. അതിനാൽ വല്ലതും രണ്ടുവാക്കെങ്കിലും പറയാതെ നിവൃത്തിയില്ല.

എങ്ങനെയാണു ഇയ്യാണ്ടത്തെ വണക്കമാസം കഴിച്ചുകൂട്ടാൻ നിശ്ചയിച്ചിരിക്കുന്നതു്? വസന്തരോഗങ്ങൾ ആരംഭിക്കുമ്പോഴാണല്ലോ ഓരോരുത്തർ പ്രത്യൌഷധങ്ങൾ ശേഖരിച്ചു വയ്ക്കുക. ഇപ്രകാരമുള്ള ഭയങ്കരമായ ഒരു അതിവസന്തയുടെ കാലമാണു ഇപ്പോൾ ലോകത്തിനു നേരിട്ടിരിക്കുന്നതെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. വിശ്വാസം ക്ഷയിച്ചു പോകുന്നു; ദൈവഭയമില്ലാതാകുന്നു; അധികാരത്തെ വകവയ്ക്കുന്നില്ല; പാപംചെയ്യുന്നതിനു മനുഷ്യൻ ലജ്ജിക്കുന്നില്ല. കുഞ്ഞുങ്ങളായ നിങ്ങൾക്കു ഈ മാറാവ്യാധി പിടിപെടാതെ വേണ്ട പ്രതിവിധികൾ ചെയ്യുന്നതിനേക്കാൾ ലോകത്തിന്റെ ക്ഷേമത്തിനു അധികം ഉപകരിക്കുന്ന ഒരു മാൎഗ്ഗം വേറെ കാണുന്നില്ല. അതിലേക്കുള്ള ഒരു ദിവ്യൌഷധമാണു ഞാൻ നിങ്ങൾക്കു പറഞ്ഞുതരാൻ പോകുന്നതു്. ഏലീശാദീൎഘദൎശി സിറിയാ രാജാവിന്റെ സേനാനായകനായ നാമാനു കുഷ്ഠരോഗശമനത്തിനു പറഞ്ഞുകൊടുത്തതുപോലെ, കേട്ടാൽ അത്ര സാരമില്ലാത്തതായ ഒരു ഔഷധമായി ഇതു നിങ്ങൾക്കു തോന്നിയേക്കാം. എന്നാൽ പ്രവൃത്തിയി

ൽ നിശ്ചയമായിട്ടു ഫലപ്രദമായിത്തീരും. 'ഏഴു പ്രാവശ്യം യോർദാനാൻനദിയിൽ കുളിക്കുക, നിന്റെ കുഷ്ഠരോഗം നീങ്ങുന്നതാണു' എന്നു ദീർഘദർശി കല്പിച്ചപ്പോൾ സൈന്യാധിപനു അത്ര രസിച്ചില്ല. എന്നാൽ ശേഷംപേരുടെ ഉപദേശമനുസരിച്ചു അപ്രകാരം ചെയ്തപ്പോൾ ഫലം പ്രത്യക്ഷമായി.

അതുപോലെതന്നെ പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, പടന്നുപരുന്ന ഭയങ്കര വ്യാധിയിൽനിന്നു രക്ഷപെടുന്നതിലേക്കു നിങ്ങൾ ചെറുപ്പംമുതൽ ദൈവജനനിയുടെ നേരെ വാസ്തവത്തിലുള്ള ഭക്തി സമ്പാദിച്ചു വയ്ക്കുക. പിന്നെ നിങ്ങൾക്കു ഒന്നും ഭയപ്പെടാനില്ല. അതിന്നായിട്ടുള്ള ആരംഭം ഈ മാസത്തിൽത്തന്നെ തുടങ്ങിക്കൊള്ളുക. ഈ വണക്കമാസം പതിവിലെന്ന്യേ വണക്കത്തോടുകൂടെ കഴിച്ചു്, പരിശുദ്ധ അമ്മയുടെ നേരെ സാക്ഷാലുള്ള ഭക്തി തരുന്നതിന്നു നിങ്ങൾ അപേക്ഷിക്കണം. നിശ്ചയമായും ദൈവജനനി നിങ്ങൾക്കു ആ മഹാനുഗ്രഹം പ്രാപിച്ചുതരും. അതിനായി വീട്ടിന്റെ ഒരു പ്രധാനസ്ഥാനത്തു നമ്മുടെ സ്നേഹംനിറഞ്ഞ മാതാവിന്റെ ഒരു സ്വരൂപം സ്ഥാപിച്ചു, നിങ്ങളുടെ സ്ഥിതിക്കനുസരിച്ചു അവിടം അലങ്കരിക്കുക. ദിവസേന രാവിലെ അവിടെ പുഷ്പങ്ങളോ, മാലകളോ സമർപ്പിക്കുന്നതിനു നിങ്ങൾ മറന്നുപോകരുതു്. സന്ധ്യയായി കരിത്തുമണി അടിച്ചുകഴിഞ്ഞാലുടൻ അവിടെ ത്രികാലജപവും, കൊന്തനമസ്കാരവും മുടക്കംകൂടാതെ എത്തിക്കുന്നതാണു, വണക്കമാസപ്പുസ്തകമുണ്ടെങ്കിൽ അതാതുദിവസത്തെ വായനയും ജപവും നടത്തുന്നതിനും നിങ്ങൾതന്നെ പ്രധാന താല്പര്യക്കാരായി മുന്നിട്ടുനില്ക്കണം. ദൈവജനനിയുടെ വല്ല ഒരു സ്തുതിപ്പും ദിവസേന പാടാൻ നിങ്ങൾക്കു കഴിയുമെങ്കിൽ ഏററം ഭംഗിയായി.



ഇങ്ങനെ വണക്കമാസം ഭക്തിപൂർവ്വം കഴിക്കുന്നതോടുകൂടെ ജീവിതകാലം മുഴുവൻ മാതാവിനെക്കുറിച്ചു നടത്തേണ്ടതിനായി ഒരു ചെറിയ ഭക്തകൃത്യവും ഈ മാസത്തിൽ ആരംഭിക്കണം. കാലത്തും വൈകുന്നേരവും മുമ്മൂന്നു നന്മനിറഞ്ഞ മറിയം ചൊല്ലി "മറിയമേ എന്റെ നല്ല അമ്മേ ഇന്നേദിവസം ചാവുദോഷത്തിൽനിന്നു എന്നെ രക്ഷിച്ചുകൊള്ളണമേ" എന്ന ഈ ചെറിയ സുകൃതജപവും ചൊല്ലുന്നതിന്നു എന്തു വിഷമമാണുള്ളതു്.

ആകയാൽ പ്രിയകുഞ്ഞുങ്ങളെ! ഈ ചെറിയ മരുന്നു നിങ്ങൾ ഒന്നുപയോഗിച്ചു നോക്കുക. അതിന്റെ ഫലം നിങ്ങൾക്കും ശേഷംപേർക്കും കാണ്മാനിടയാകും. അതിനായി ഞാനും പ്രാർത്ഥിക്കുന്നതാണ്. പരിശുദ്ധ അമ്മ നിങ്ങളെ എല്ലാവരേയും ആശീർവദിക്കട്ടെ!.

എന്നു നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ.

## മാതാവിന്റെ ലുത്തിനിയാ. (തുടർച്ച)

ലോകത്രാണവിധായകാത്മജനനി! സാരജ്ഞർവാഴ്ത്തും വിവേ-
കാങ്കുന്ദിച്ചട്ടമംബികേ! ജനതതിക്കാരാദ്ധ്യയാം കന്യകേ!
രാകേന്ദുപ്രഭതോററ സൽപ്രഥയതേ! പ്രാബല്യവാരാന്നിധേ!
ശ്രീകല്യംകരുണാസ്പദേ! കരുണയാ ദൈവത്തെയർത്ഥിക്കണേ!

ക്രൂക്കമററം സ്കറിയാ ഡീക്കൻ.

പ്രത്യേകമായനുതിയും ശുഭകീർത്തിയും പൂ-
ണ്ടുത്തുംഗശക്തി,യനുകമ്പയുമല്പമെന്യെ;
ഉൾത്താരിലങ്ങതുലമാമൊരുനീതയോടും
വർത്തിച്ചിടുന്ന ജനനി! ഭവികം തരേണം.

പുതുപ്പറമ്പിൽ അബ്രാഹം ശെമ്മാശൻ.

സാക്ഷാൽവിവേകനിധി നീ ബഹുമാന്യകന്യേ!
സൽകീർത്തിതൻവസതി, വല്ലഭയായകന്യേ!
കാരുണ്യമുള്ളനരകന്നി! യിരന്നിടേണം
വിശ്വാസമേററമിയലുന്നവളേ!യിവർക്കായ്.

കെ. ജോൺ കൈതക്കോട്ടിൽ.

സൃഷ്ടിരക്ഷവഴിപോലെ ചെയ്യുമഖിലേശതായ, സുവിവേകിയായ്,
ശ്രേഷ്ഠിയായരുചിചിന്നിടും സ്തുതിവഹിച്ചിടുന്നവരകന്യയായ്,
ശിഷ്ടരായനരവൃന്ദ ഭക്തികൾകൊണ്ടു, മാന്നമരിയാംബ!യെൻ-
കഷ്ടകാലമൊഴിവാനിരക്ക സകലൈക ദേവതിരുസന്നിധൌ.

സി. മാത്യു ക്രൂട്ടമ്മേൽ.

പാലിപ്പോൻെറ സവിത്രി! നല്ലൊരു വിവേകാശ്ചര്യപൂർണ്ണേ! ജനം
ചേലിൽസൽസ്തുതിചെയ്യുമംബ!നുതിയോഗ്യംഭവ്യമേന്തും മരീ!
മാലിന്യംകലരാത്തവല്ലഭ, സദാകന്യേ! ദയാസത്തമേ!
കാലൽക്രൂപ്പമിവർക്കുവേണ്ടിമകനോടെന്നെന്നുമർത്ഥിക്കണേ!!

മുകളയിൽ ജോസഫ് വാദ്ധ്യാർ നീണ്ടൂർ.

കർത്താവുതൻജനനി! വന്ദ്യവിബുധയാകും!
സ്തുത്യാസ്പദം, സ്തുതിവശത്തിനുഭാജനം നീ.
ശ്രീവല്ലഭേ! ഗുണനിധേ! പരനോടുനിത്യം
ഞങ്ങൾക്കുവേണ്ടി വഴിപോലെയിരന്നിടേണേ.

ജോസഫ് പി. പുലിക്കോടൻ.

അത്യുൽകൃഷ്ടവിവേകവും കരുണയും സംപൂതവിശ്വാസവും
സ്തുത്യസ്ഥാനസുലബ്ധിയും വികസിതംതട്ടുകത്തമാംയോഗ്യവും
നിത്യംവല്ലഭയായ്, നിറഞ്ഞസുകൃതശ്രീയാർന്നകന്യാമണേ!
പുത്രൻതന്നോടപേക്ഷചെയ്യരുളണേ ഞങ്ങൾക്കുവേണ്ടിസ്സദാ.

മാപ്പിളക്കുന്നേൽ മത്തായി മാപ്പിള മീനച്ചൽ.

ഇക്കാണുന്ന ചരാചരത്തെയഖിലം പാലിച്ചിടും ക്രിസ്തുവിൻ
പെററമ്മേ! നരവൃന്ദപൂജയതിയായർഹിച്ചിടും കന്യകേ!
അമ്മേ! വല്ലഭയായ നല്ല വിബുധേ! കാരുണ്യവാരാന്നിധേ!
ഞങ്ങൾക്കായ് കനിവോടുനീയനുദിനം ദൈവത്തെയർത്ഥിക്കണേ!

ഏ. ആൻറണിഫ്രണാണ്ടസ് ശാസ്ത്രാംകോട്ട.

എല്ലാവർക്കുമനന്തവിസ്മയരസംചേർക്കുംവിവേകംപരം,
തെല്ലല്ലാത്ത പുകഴ്ച്ചയോഗ്യതമഹൽശ്രീ,വല്ലഭത്വം, കൃപ
എന്നീവണ്ണമനന്തനന്മകലരും വിശ്വാസസൽപാത്രമാം
കന്യേ! നീ പരനോടിരന്നരുളണേ ഞങ്ങൾക്കുഭവ്യംവരാൻ.

പി. സി. പോത്തൻ എടത്വാ.

ദേവീ! വിവേക സുഭഗേ! വിശദാർച്ച്യശിഷ്ടേ!
സദ്വല്ലഭേ! ഭജന ഭാജന ദിവ്യകന്യേ!
വിശ്വാസഭർത്രി വിമലേ! കരുണാവരിഷ്ഠേ!
ത്വം പ്രാർത്ഥയാസ്മദുപയുക്തമുദീക്ഷ്യദേവം.

അതിരമ്പുഴ സി. എം. സെബാസ്റ്റ്യൻ.

ഇപ്പാരിന്നുടെരക്ഷകൻറജനനീ!വിജ്ഞാനകന്യാമണേ!
മുപ്പാരുംനുതിചെയ്കമാറുസതതം വിഖ്യാതയാമംബികേ!
കെല്പേറുന്നതുപോലെതന്നെനിതരാംകാരുണ്യവുംചെന്നു നീ
യെപ്പോഴുംസുതനായദേവനൊടിവൎക്കായിട്ടിരന്നീടണേ!

പി. മാത്യു കാക്കനാട്ടു.

മിഥുനമാസം— അടുത്ത ആറുനിറുത്തുകൾ മുൻപോലെ ഒരു പദ്യമാക്കണം.

## ൧൦൮൧–ാമാണ്ടിൽ ക. നി. മൂ സ. ആശ്രമങ്ങളിൽനിന്നു നടത്തിയ പ്രേഷക വേലകൾ.

| ആശ്രമത്തിൻെറ പേരു്. | പുതുക്രി. മാമ്മോദീസാ | ടി. ക്കു് വരവു് സംഖ്യ. | ടി. ക്കു് ചിലവുസംഖ്യ. | പഴയ ക്രിസ്ത്യം. മാമ്മോ. | [illegible] | ആശ്രമ. കുമ്പാന ഉൾക്കൊ. |
|---|---|---|---|---|---|---|
| മാന്നാനം. | 112 | 608 12 0 | 703 2 0 | 90 | 45 | 20,000 |
| കുര്യനാട്ടു്. | 73 | 191 10 0 | 272 4 0 | 85 | 25 | 12,000 |
| കൂനമ്മാവു്.(?) കമ്മെല. | 42 | 259 0 0 | 302 4 0 | 1 | 5 | 32,024 |
| എൽത്തുരുത്തു. | 39 | 82 15 7 | 109 12 0 | 0 | 5 | 10005 |
| അമ്പഴക്കാട്ടു്. | 47 | 233 15 0 | 199 11 5 | 0 | 22 | 29,167 |
| പുളിങ്കുന്നു. | 16 | 87 0 0 | 27 0 0 | 0 | 42 | 2,600 |
| മുത്തോലി. | 23 | 349 12 0 | 329 7 0 | 13 | 14 | 22,110 |
| ചെത്തിപ്പുഴ. | 61 | 147 10 0 | 134 10 0 | 68 | 65 | 20,200 |
| പാറ്റട്ടു. | 36 | 144 0 0 | 144 0 0 | 0 | 10 | 50,234 |
| പാണാപള്ളി. | 3 | 0 0 0 | 0 0 0 | 7 | 7 | 6,733 |
| തേവര. | 4 | 0 0 0 | 12 0 0 | 5 | 10 | 17,534 |
| കൂനമ്മാവു്. | 1 | 0 0 0 | 0 0 0 | 47 | 8 | 11,640 |
| ആകെ. | 457 | 2044-10-7 | 2234-2-5 | 316 | 258 | 235,107 |

പുറമെ നടത്തിയ മുഴവൻധ്യാനങ്ങളിൽ നടന്ന കുമ്പാന കൈക്കൊള്ളൽ. 67,162

ആകെ കുമ്പാ. 302,269

൧൦൮൧–ൽ സഭയിൽനിന്നു മുഴവൻധ്യാനം നടത്തിയ പള്ളികൾ.

1) വൈക്കം, 2) അങ്കമാലി, 3) മാന്നാനം, 4) കിളിരൂർ, 5) കലശേഖരമംഗലം, 6) മുത്തോലിമഠം, 7) പാലാസ്കൂൾ, 8) പാലായിൽവൈദികരുടെ, 9) അതിരമ്പുഴമഠം, 10) തെക്കാട്ടുശ്ശേരി, 11) കോതമംഗലം, 12) കറവിലങ്ങാട്ടു, 13) പൊൻകുന്നം, 14) കടുത്തുരുത്തി, 15) മണ്ണാറപ്രാറ, 16) കാഞ്ഞിരത്താനം, 17) എലഞ്ഞി, 18) എൽത്തുരുത്തു്, 19) എറണാകുളം, 20) ചെമ്പു, 21) കറവിലങ്ങാട്ടുവൈദികരുടെ ധ്യാനം, 22) കറവിലങ്ങാട്ടുമഠം, 23) ആമ്പല്ലൂർ, 24) ആരക്കുഴ, 25) വാഴക്കുളം, 26) കല്ലൂർ, 27) കല്ലാനിക്കൽ, 28) കല്ലന്താനി, 29) കല്ലൂക്കാട്ടു, 30) ബെസ്ലഹം, 31) പോത്താനിക്കാട്ടു, 32) മൂവാററുപുഴ, 33) നാഗപ്പുഴ, 34) കമ്മെലകൊവേന്ത, 35) കിഴക്കമ്പലം, 36) വേലൂരു്, 37 വടക്കാഞ്ചേരി, 38) ഒല്ലൂരു്, 39) അമ്പഴക്കാട്ടുകൊവേന്തപ്പള്ളി, 40) കാവാലം, 41) പുളിംകുന്നു്, 42) നരിവേലി, 43) ചേപ്പുങ്കൽ, 44) കടപ്ലാമററം, 45) പ്ലാശനാൽ, 46) ചെത്തിപ്പുഴ പുതുക്രിസ്തുവരുടെ, 47) ചങ്ങനാശേരിസ്കൂൾ, 48) ചങ്ങനാശേരിക്ലാരമഠം, 49) ചങ്ങനാശേരിപട്ടക്കാരുടെ, 50) തുരുത്തിസഭക്കാർ, 51) വാഴപ്പിള്ളിസ്കൂൾ, 52) ചെത്തിപ്പുഴകട്ടികളുടെ, 53) ചങ്ങനാശേരി, 54) കൂനമ്മാവു, 55) മുല്ലശേരി, 56) മണലൂർ, 57) പാവറട്ടി, 58) കോഴിക്കോട്ടു, 59) തേവരകൊവേന്തപ്പള്ളി, 60) എറണാകുളം മഠം, 61) ആലപ്പുഴ, 62) ലെയൊതൎട്ടിന്റെ

സ്സൂർ, 63) തൃശ്ശൂർകോളെജ്, 64) കഴിപ്പിള്ളിപ്പള്ളി, 65) തുറവൂർ, 66) സാന്തക്രൂസ്സ്സൂർ, 67) കൂനമ്മാവുമഠം, 68) കുറുകുറ്റിമഠം, 69) എറണാകുളംപട്ടക്കാരുടെ, 70) വാഴക്കുളംപട്ടക്കാരുടെ, 71) മാന്നാനംസ്സൂർ, 72) തൃശ്ശൂർപട്ടക്കാരുടെ, 73) കാഞ്ഞൂർ, 74) അകപ്പറമ്പു, 75) മാന്നാനംപുതുക്രീസ്സുവരുടെ, 76) ഇടക്കാട്ടു, 77) കാഞ്ഞിരപ്പള്ളി പട്ടക്കാരുടെ,

ടി. ധ്യാനങ്ങളിൽചേൎന്ന ജനം ൩൬,൭൬൫ വൃദ്ധൻ കുർബാന കൈക്കൊള്ളപ്പാട്ട് ൩൭,൬൩൨

# തിരുഹൃദയഭക്തന്മാർ ൧൱൨ ഇടവമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

"വരപ്രസാദത്തിൻെറ മാതാവായ പരിശുദ്ധ മറിയത്തോടുള്ള പ്രാൎത്ഥന."



ദൈവ വരപ്രസാദം കൂടാതെ യാതൊരു സുകൃതവും പ്രവൃത്തിക്കുന്നതിനു മനുഷ്യനു സാധിക്കുന്നതല്ല, "എന്നെ കൂടാതെ നിങ്ങൾക്കു യാതൊന്നും ചെയ്യാൻ കഴിയുന്നതല്ല" (യോഹന്നാൻ ൧൫. ൫) എന്നു നിത്യസത്യമായ ദൈവപുത്രൻ തന്നെ അരുളിച്ചെയ്തിരിക്കുന്നു. എന്നാൽ ദൈവം പുതിയ നിയമത്തിൽ പരിശുദ്ധ കന്യകമറിയം വഴിയായി തൻെറ വരപ്രസാദങ്ങളെ മനുഷ്യൎക്കു നൽകുവാൻ ചിത്തമായിരിക്കുന്നുവെന്നു വേദശാസ്ത്രജ്ഞന്മാർ ഏകാഭിപ്രായമായി പഠിപ്പിക്കുന്നു. ആകയാൽ "വരപ്രസാദത്തെ നീ അപേക്ഷിക്കുക; എന്നാൽ പരിശുദ്ധ കന്യക വഴിയായി അതിനെ അപേക്ഷിക്കുക" എന്നു വേദപാരഗനായ വി. ബെൎണ്ണാർദ് പഠിപ്പിക്കുന്നു. പ്രസ്തുത പുണ്യവാൻ തന്നെ വേറൊരിടത്തു ഇങ്ങനെ ഉപദേശിക്കുന്നു. "ഈശോമശിഹാ തൻെറ മാതാവായ പരിശുദ്ധ കന്യകയോടുള്ള വണക്കം നിമിത്തം, നമ്മൾ ഓരോരുത്തരുടെ ഉപകാരത്തിനും തിരുസഭയുടെ രക്ഷയ്ക്കുമായി, ഈ മാതാവപേക്ഷിക്കുന്ന വരപ്രസാദങ്ങളൊക്കെയും നിസ്സംശയം നൽകുന്നതാകുന്നു" മറ്റു പരിശുദ്ധന്മാരുടെ പ്രാൎത്ഥനകളെക്കാൾ ദൈവജനനിയുടെ പ്രാൎത്ഥനയ്ക്കുള്ള കൂടുതൽ ശക്തിയുടെ കാരണം അവൾ ദൈവജനനിയാണെന്നുള്ളതുതന്നെ. മറ്റുള്ളവരുടെ പ്രാൎത്ഥനയുടെ ഫലസിദ്ധി ദൈവത്തിൻെറ കൃപാധിക്യത്തെ ആശ്രയിച്ചിരിക്കുന്നു. പരിശുദ്ധ കന്യകയുടേതോ എന്നാൽ അവളുടെ ന്യായമായ അവകാശങ്ങളെത്തന്നെയാണ് ആശ്രയിച്ചിരിക്കുന്നതു. തൻെറ പുത്രനോടു താൻ പ്രാൎത്ഥനയാൽ യാചിക്കയല്ല ചെയ്യുന്നതു്. നിറവേറ്റേണ്ടുന്ന കടമയെ നിറവേറ്റുന്നതിനു കല്പിക്കയാകുന്നു ചെയ്യുന്നതു്.

ആകയാൽ മശിഹായുടെ സാക്ഷാലുള്ള മണവാട്ടിയായ വിശുദ്ധ കത്തോലിക്കാസഭ, തൻെറ മക്കൾക്കു രക്ഷയുടെ വഴിയും വരപ്രസാദത്തിൻെറ ഉറവയുമായി ഈ ദൈവജനനിയെ കാണിച്ചുതരുന്നു. പാടായ വിധത്തിലൊക്കെയും ഈ അമ്മയുടെ സങ്കേതം തേടുന്നതിനു നമ്മെ ഉപദേശിക്കയും, നവംനവങ്ങളായ ഓരോ മാൎഗ്ഗങ്ങൾ അതിലേക്കു കാണിച്ചുതരികയും ചെയ്യുന്നു. അവിടത്തെ സ്തുതിക്കായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ഈ മാസത്തിൽ വരപ്രസാദത്തിൻെറ മാതാവായ തൻെറ മാദ്ധ്യസ്ഥം പൂൎവ്വാധികം ഭക്തിയോടെ അപേക്ഷിക്കുന്നതിനാണ് പരിശുദ്ധ പിതാവു ഉപദേശിച്ചിരിക്കുന്നതു്.

മിഥുനമാസം:— "തിരുഹൃദയ ഭക്തരെ വേണ്ടപോലെ മനസ്സിലാക്കുക."

# കുറിപ്പുകളും വൎത്തമാനങ്ങളും.

### വെയിത്സ് രാജകുമാരൻ

തിരുമനസ്സുകൊണ്ടു ഏപ്രിൽ ൧൨-ാംനു- ജപ്പാനിൽ എത്തിയിരിക്കുന്നു. മെയ് മാസം പകുതിവരേ തിരുമേനി അവിടെ താമസിക്കുന്നതും അതിനിടക്കു ജപ്പാൻ രാജ്യം മുഴുവൻ സന്ദൎശനം കഴിക്കുന്നതുമാകുന്നു.

### റോമ്മാ യാത്ര.

കോട്ടയം വികാരി അപ്പസ്തോലിക്കാ നി. വ ദിവ്യശ്രീ ചൂളപ്പറമ്പിൽ മാർ അലക്സാണ്ടർ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു, ഏപ്രിൽ ൨൦-ാംനു- ശനിയാഴ്ച കോട്ടയത്തുനിന്നു ബോംബായിക്കു തിരിക്കുന്നതും, അവിടെ നിന്നു മേയ് ൩-ാംനു- റോമായിക്കു കപ്പൽ കയറുന്നതുമാണെന്നു് അറിയുന്നു. അടുത്ത ദിവ്യകാരുണ്യമഹാസംഘത്തിൽ സംബന്ധിക്കുന്നതിന്നു് അവിടത്തേക്കു സാധിക്കുന്നതാണു്. തിരുമേനി വിദേശസഞ്ചാരം ക്ഷേമമായിക്കഴിച്ചു മടങ്ങിയെത്തുന്നതിന്നു നമുക്കു പ്രാൎത്ഥിക്കാം.

### മാർപ്പാപ്പായേ സന്ദൎശിച്ചു.

കോൺസ്റ്റാൻറിനോപ്പോളിൽ പട്ടാളം ഡോക്ടരായി താമസിക്കുന്ന ക്യാപ്റ്റൻ ഫ്രാൻസിസ് പാനികുളം മാൎച്ച് മാസം ൨൨-ാംനു- റോമായിൽ ചെല്ലുകയും പതിനൊന്നാം പീയൂസ് മാൎപ്പാപ്പായെ മുഖം കാണിക്കുയും ചെയ്യുതായി അറിഞ്ഞു ഞങ്ങൾ അത്യന്തം സന്തോഷിക്കുന്നു. റോമായിൽ താമസിക്കുന്ന നമ്മുടെ വൈദികവിദ്യാൎത്ഥികളെ ഒഴിച്ചാൽ പുതിയ മാൎപ്പാപ്പാതിരുമേനിയെ ഒന്നാമതായി സന്ദൎശിക്കുന്നതിന്നു ഭാഗ്യം കിട്ടിയ കേരളീയൻ ക്യാപ്റ്റൻഫ്രാൻസീസാണെന്നുള്ളതു പ്രത്യേകം സ്മരണീയമാണ്. പരി. പിതാവിന്നു ഇംഗ്ലീഷ് പരിചയമുള്ളതിനാൽ സന്ദൎശനത്തിന്നു യാതൊരു അസൗകൎയ്യവുമില്ലായിരുന്നെന്നുള്ളതും പ്രസ്താവയോഗ്യം തന്നെ.

### ഇംഗ്ലണ്ടിലെരക്തസാക്ഷി.

നാഗരുകോവിലിനടുത്തുള്ള രാജയ്യർ കത്തോലിക്കു ദേവാലയത്തിന്നു സമീപത്തു ഒരു കത്തോലിക്കു കുടുംബത്തിലെ അപ്പനും മകനുമായി കഴിഞ്ഞ മാസത്തിൽ ഒരു വഴക്കുണ്ടായി. പള്ളി വികാരിയായ ഫാദർ സിറിൽ സെബാസ്റ്റ്യൻ അവർകൾ അവരെ സമാധാനപ്പെടുത്തുന്നതിനായി വീട്ടിൽ. ചെന്നു. കോപാക്രാന്തനായ മകനു ഈ ഉദ്യമം രസിക്കായ്കയാൽ ഒരു ചെമ്പു പാത്രം എടുത്തു വികാരിയച്ചന്റെ തലയിൽ ശക്തിയായി അവൻ അടിക്കയും തലയോടു തകൎന്നു അദ്ദേഹം ബോധരഹിതനായി നിലം പതിക്കുകയും ചെയ്തു. ഉടനെ പള്ളിമുറിയിലേക്കു അദ്ദേഹത്തെ എടുത്തുകൊണ്ടുപോയി. അധികം താമസിയാതെ തന്നെ ആ രക്തസാക്ഷി ജീവൻ വെടിയുകയാണുണ്ടായതു്.

### നീക്കി വച്ചു.

മാന്നാനംസെൻറു എഫ്രേംസ് ഹൈസ്കൂൾ പൂൎവ്വവിദ്യാൎത്ഥി സമ്മേളനം മുറപ്രകാരം, സ്ഥലത്തെ നാല്പതുമണിയാരാധനയുടെ ഒടുവിലത്തെ ദിവസം ഉച്ച കഴിഞ്ഞു നടത്തേണ്ടതാണു. എന്നാൽ ഇക്കൊല്ലത്തെ കേരളീയ കത്തോലിക്കവിദ്യാൎത്ഥി സമ്മേളനം ആ തീയതിയിൽ തന്നെ ചങ്ങനാശ്ശേരിൽ വച്ചു നടക്കുന്നതാകയാൽ മാന്നാനത്തെ സമ്മേളനം വേറൊരവസരത്തിലേക്കു നീക്കിവെക്കേണ്ടതായി വന്നിരിക്കുന്നുവെന്നു പൂൎവ്വവിദ്യാൎത്ഥി സംഘം സെക്രട്ടറി മിസ്റ്റർ കെ. സി. വൎക്കി ബി. ഏ. ഞങ്ങളെ അറിയിച്ചിരിക്കുന്നു.

### അടുത്ത ലക്കത്തിലേക്കു.

റവ. ഫാദർ ബൎന്നാർഡ് സി. ഡി. അവർകളുടെ 'ചരിത്രവാദങ്ങൾ' ആദിയായി പല ലേഖനങ്ങളും സ്ഥലമില്ലായ്കയാൽ അടുത്ത മാസത്തിലേക്കു മാററി വച്ചിരിക്കുന്നു.

### അസാദ്ധ്യം സാദ്ധ്യമായി.

തിരുവിതാംകൂറിലെ ദേവസ്വ ഭരണം റവന്യൂ വകുപ്പിൽ നിന്നു വേർതിരി

ച്ചാൽ രാജ്യം മുഴുവൻ കടലിലേക്കു താണുപോയേക്കുമോ എന്നുള്ള വിധത്തിലായിരുന്നു ചിലർക്കെല്ലാം ഈ കാര്യത്തിലുണ്ടായിരുന്ന ഭയം. പൌരസമത്വവാദികളായ ൨൬ ലക്ഷം ജനങ്ങളുടെ നിലവിളിയെ ജയിക്കുന്നതിനു ഈ മാതിരി ദുശ്ശങ്കകൾക്കൊന്നും ശക്തിയുണ്ടായില്ല. അടുത്ത ചിങ്ങം മുതൽ, സംസ്ഥാനത്തുള്ള ആയിരത്തിനാനൂറിൽപ്പരം ഹിന്ദുക്ഷേത്രങ്ങൾ തനിച്ചൊരു ഡിപ്പാർട്ടുമെൻറിൻെറ മേൽനോട്ടത്തിൽ ഭരിക്കപ്പെടുന്നതാണെന്ന് പ്രജാവത്സലനായ മഹാരാജാവു തിരുമനസ്സിലെ തിരുവെഴുത്തുവിളംബരം ഇതാ പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്നു. തിരുമനസ്സിലേക്കു ഇതിലേക്കുള്ള കൃതജ്ഞതയെ പ്രദർശിപ്പിക്കുന്നതിനായി പൌരസമത്വവാദ സംഘത്തിൻെറ ഒരു അസാധാരണയോഗം ഈ മാസത്തിൽ കോട്ടയത്തുവച്ചു നടത്താനിരിക്കുന്നതു എത്രയും അഭിലഷണീയംതന്നെ.

### പിടി കിട്ടുന്നില്ല.

ലോകമഹായുദ്ധത്തോടെ മനുഷ്യസമാധാനം ഭൂഗോളത്തിൽനിന്നു ഒളിച്ചോടിപ്പോയതാണു. അതിനെ പിടിച്ചുകൊണ്ടുവരുന്നതിനായി, ൧൯൧൯-ൽ വെർസെയിൽസിൽ കൂടിയ സന്ധിയാലോചന തുടങ്ങി, പാരീസ്, ലണ്ടൻ, കാനേ, വാഷിങ്ങ്ടൺ എന്നു പല സ്ഥലങ്ങളിൽ പല കൂടിയാലോചനകൾ ഇപ്പോൾ നടക്കുകയുണ്ടായിട്ടുണ്ടു. എങ്കിലും പുള്ളിയെ ഇതേവരെ പിടികിട്ടുകയുണ്ടായില്ല. ഇതാ ഇപ്പോൾ അതിലേക്കായിട്ടുതന്നെ ഇററലിയിൽ ജെനീവായിൽ ഒരു കോൺഫറൻസു തുടങ്ങിയിരിക്കുന്നു. 34 രാജ്യങ്ങൾ ഇതിൽ സംബന്ധിച്ചിട്ടുണ്ട്. റഷ്യൻ ബൊൾഷേവിക്കുകാർക്കു ഇവിടെ പ്രവേശനം അനുവദിച്ചിട്ടുള്ളതിനാൽ അമേരിക്കാ പിന്മാറിനില്ക്കുയാണു. ഏതായാലും ശാശ്വതമായ ലോകസമാധാനത്തെ കണ്ടെത്തിയെങ്കിൽ നന്നായിരുന്നു. കത്തോലിക്കരെല്ലാവരും അതിനായി പ്രത്യേകം പ്രാർത്ഥിക്കണമെന്നു പുതിയ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ഒരു സന്ദേശം അയച്ചിട്ടുണ്ടെന്നുള്ളതും നാം ഈ അവസരത്തിൽ ഓർത്തിരിക്കുന്നതു കൊള്ളാം.

## നാല്പതുമണിയാരാധന.

---

ആണ്ടുതോറും ഈ ആശ്രമദേവാലയത്തിൽ നടത്തിവരാറുള്ള "നാല്പതുമണിയാരാധന" എന്ന മഹോന്നത കർമ്മം ഈ കൊല്ലവും ഉയിർപ്പിൻെറ രണ്ടാം ഞായറാഴ്ച കഴിഞ്ഞുവരുന്ന വ്യാഴം, വെള്ളി, ശനി എന്ന ദിവസങ്ങളായ മെയ് ൫, ൬, ൭ എന്നീ തീയതികളിൽ നടത്തപ്പെടുവാനിരിക്കുന്ന വിവരം ഏവരേയും അറിയിച്ചുകൊള്ളുന്നു. ഈ ദിവ്യകർമ്മത്തിൽ സംബന്ധിക്കുന്ന വിശ്വാസികൾക്കു പല ദണ്ഡവിമോചനങ്ങൾ പ്രാപിക്കാവുന്നതാണ്. ൧) കുമ്പസാരിച്ചു വിശുദ്ധ കുർബാന ഉൾക്കൊണ്ടു ഈ ദേവാലയത്തിൽ ആരാധന സമയം കുറേനേരം പ്രാർത്ഥിക്കുന്നവർക്കു ഒരു പൂർണ്ണദണ്ഡവിമോചനവും ൨) വിശുദ്ധ കുർബാനയെ ആരാധിക്കുന്ന ഓരോ പ്രാവശ്യവും പത്തു വത്സരത്തേയും പത്തു മണ്ഡലത്തേയും ൩) ആരാധന സമയം അറിയിക്കുന്നതിന് മണികൊട്ടുമ്പോൾ "പരിശുദ്ധ പരമ ദിവ്യകാരുണ്യത്തിനു എന്നേരവും സ്തുതിയും പുകഴ്ചയുമുണ്ടായിരിക്കട്ടെ" എന്നു ചൊല്ലുന്ന ഓരോ പ്രാവശ്യവും ൧൦൦ ദിവസത്തെയും ദണ്ഡവിമോചനം കല്പിക്കപ്പെട്ടിട്ടുണ്ട്. ൪) ഈ ദേവാലയത്തിൽ സമർപ്പിക്കപ്പെടുന്ന എല്ലാ കുർബാനകൾക്കും 'അൾത്താരപ്രിവിലേജിയാത്ത്' ഉണ്ടായിരിക്കുന്നു. ഈ ദണ്ഡവിമോചനങ്ങൾ ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കൾക്കായി കാഴ്ച വെക്കാവുന്നതുമാണ്. മേല്പറയപ്പെട്ട പൂർണ്ണദണ്ഡവിമോചനങ്ങൾ ലഭിക്കുന്നതിനു കുമ്പസാരിച്ചു വി. കുർബാന ഉൾക്കൊള്ളേണ്ടതാകയാൽ ജനങ്ങൾ സ്വന്തം ഇടവകകളിൽത്തന്നെ കുമ്പസാരിച്ചശേഷമോ, അല്ലെങ്കിൽ ഇവിടെവന്നു കുമ്പസാരിക്കത്തക്കവണ്ണം നേരത്തേയോ വരേണ്ടതാകുന്നു. എത്രയും പൂജനീയമായ ഈ ദിവസങ്ങളിൽ പള്ളിയിലും പള്ളിക്കു സമീപസ്ഥലങ്ങളിലും ആചാരവും മൌനവും കൃത്യമായി അനുഷ്ഠിക്കണമെന്നു പ്രത്യേകം ഓർമ്മിപ്പിച്ചുകൊള്ളുന്നു.

ആരാധനയിൽ സംബന്ധിക്കുന്ന വിശ്വാസികളെ കുമ്പസാരിപ്പിക്കു മുതലായ

പല സംഗതികളിലും ബ. അച്ചന്മാർ ഞങ്ങൾക്കു സഹായികളായിരിക്കേണ്ടതിനാൽ അവർ കാലേക്കൂട്ടി വന്നുചേരുവാറാകണമെന്നും, ബ. വികാരി അച്ചന്മാരും അസിസ്റ്റേന്തി അച്ചന്മാരും ആരാധനയുടെ വിവരം പള്ളിയിൽ ജനങ്ങളെ തെര്യപ്പെടുത്തണമെന്നും അപേക്ഷിക്കുന്നു. കൂടാതെയും ആരാധന കഴിഞ്ഞുവരുന്ന ഞായറാഴ്ച മാർ യൌസേപ്പു പിതാവിൻെറ മാദ്ധ്യസ്ഥത്തിരുനാൾ പതിവു പോലെ കൊണ്ടാടപ്പെടുന്നതുമാകുന്നു.

എന്നു്, മാന്നാനം കൊവേന്തയുടെ
പ്രിയോർ.

---

## മനോഗുണവിവരങ്ങൾ.

വിലപിടിച്ച ഒരു സാധനം പൊയ്പോയതു്. ചെങ്ങളത്തിൽ മാർ അന്തോനീസു പുണ്യവാൻെറ സഹായത്താൽ തിരികെ കിട്ടിയതിനു ഉപകാരസ്മരണ.

സി. എ. സി. വടയാർ, കിഴക്കേക്കര.

എൻെറ കുട്ടിക്കു പിടിപെട്ട കഠിനവ്യാധി സുഖപ്പെട്ടാൽ കുസുമത്തിൽ പ്രസിദ്ധം ചെയ്തുകൊള്ളാമെന്നു നേരുകയും അതിൻപ്രകാരം അത്ഭുതമാംവണ്ണം ശമനം ഉണ്ടാകയും ചെയ്തിരിക്കുന്നു. കർമ്മെലനാഥയ്ക്കു സ്തോത്രം!

പി. എൽ. ജി. വടയാർ.

കരിമണ്ണൂർ അന്തോനീസു പുണ്യവാൻെറ മാദ്ധ്യസ്ഥത്താൽ എൻെറ കുട്ടിയുടെ ദീനം ഭേദപ്പെട്ടിരിക്കുന്നു. ചെങ്ങളം മാർ അന്തോനീസിൻെറ സഹായത്താൽ ഒരു കേസു ഗുണപ്പെട്ടതിന്നു വേണ്ടിയുള്ള എൻെറ ഉപകാരസ്മരണ പ്രത്യക്ഷമാക്കിക്കൊള്ളുന്നു.

കെ. ജെ. ജെ. വാഴക്കുളം.

എൻെറ വീട്ടിൽനിന്നു കളവുപോയ സാമാനങ്ങൾ വി. അന്തോനീസിൻെറ സഹായത്താൽ തിരിച്ചു കിട്ടിയതിനുള്ള ഉപകാരസ്മരണയായി രണ്ടു രൂപാ അയക്കുന്നു.

ടി. എം. സി. മുട്ടം ചേർത്തല.

ഏറിയനാളായി എൻെറ ഭർത്താവിൻെറ എഴുത്തുകളൊന്നും കാണാഞ്ഞിട്ടു സന്തന്തോനിയോടു അപേക്ഷിച്ച ഉടനെ എഴുത്തു കിട്ടിയതിനെക്കുറിച്ചു പുണ്യവാളനു നന്ദിപറയുന്നു.

ജെ. എം. ബി. അഞ്ചുതെങ്ങു.

---

## ചരമവാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകളുടെ ആത്മാനുകൂലത്തിനായി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

(൧) കൈപ്പുഴയിടവക പി. എൽ. ജോസഫിൻെറ ഭാര്യ മാർച്ച് ൧-ാംനു- ൧൯ വയസ്സു. (൨) രാമപുരം ഇടവക കാഞ്ഞിരത്തിങ്കൽ ആഗസ്തി മത്തായി മീനം ൧൬-ാംനു- ൩൬ വയസ്സു. (൩) മററം പള്ളിയിടവക തരകൻ കയ്യപ്പൻ ചാക്കുണ്ണി മാർച്ച് ൩൧-ാംനു- ൨൭ വയസ്സ്. (൪) ശാസ്താംകോട്ടയിടവക പാലിവിള പടിഞ്ഞാററതിൽ അന്ന മേടം ൭-ാംനു-. (൫) വട്ടയാൽ പി. എഫ്. ജോസഫിൻെറ മാതാവു മറിയം മീനം ൧൮-ാംനു- ശനിയാഴ്ച. ൬൪ വയസ്സു. (൬) പിറവത്തു ഈ. ജെ. വക്കി ഏപ്രിൽ ൭-ാംനു- വെള്ളിയാഴ്ച ൧൯ വയസ്സു. (൭) അതിരമ്പുഴപ്പള്ളിയിടവക ഇല്ലിച്ചിറയിൽ കുരുവിള കോര ഏപ്രിൽ ൪-ാംനു- ശനിയാഴ്ച. ൭൩ വയസ്സു.

---

## ഔഷധക്കുറിപ്പുകൾ.

മുരിങ്ങവേരു അരിക്കാടിയിൽ അരച്ചു തിളപ്പിച്ചു ധാരകോരിയാൽ വെളിയിൽ ഇറങ്ങിയ അർശസ് അകത്തു കയറും.

ജീരകം പൊടിച്ചു പശുവിൻ നെയ്യിൽ കുഴച്ചു പതിവായി സേവിച്ചാൽ കുട്ടികൾക്കു ദഹനശക്തി വർദ്ധിക്കുന്നതാണ്.

കൊന്നത്തളിരും പച്ചമഞ്ഞളും കൂടി അരച്ചു തേച്ചുകുളിക്കയും ഇതുകൾ കൊണ്ടുതന്നെ വെളിച്ചെണ്ണ കാച്ചിപ്പുരട്ടുകയും ചെയ്താൽ ചൊറിചിരങ്ങുകൾ വിട്ടുമാറുന്നതാണ്.

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം ൭. ൧൦൯൭ എപ്പകത്തി ൨൫

## ൧൯൨൨ മെയ് ൩൧ മേടം -ഇടവം

കന്യകമറിയത്തിന്റെ വണക്കമാസം.

1 19 തി (✠) ശ്ലീഹാ പീലി: യാക്കോ. ന. കു. പെ. ച്ചു.
2 20 ചൊ മൌ. അ. മ. അത്തനാസ്സിസ്. ന. കു. വെ. വെ.
3 21 ബു വി. കുരി. കണ്ടെത്തിയ ന. ആ. കു. പെ. ച്ചു.
ഉത്തരീയസഭക്കാക്കു പൂൎണ്ണദണ്ഡവിമോചനം.
4 22 വ്യാ വിധ. മോനി. ന. ആ. കു. പെ. വെ.
കൈപ്പുഴ, വാഴക്കുളം ഈ പള്ളികളിൽ വി. ഗീവറുഗീസ് തിരു.
5 23 വെ † പാ. മൌ. പിയൂസ്. ന. ആ. കു. പെ. വെ.
6 24 ശ യോഹ. തറങ്ങ. ന. ആ. കു. പെ. ച്ചു.
എടത്വാപ്പള്ളിയിൽ വി. ഗീവറുഗീസ് തിരുനാൾ.
7 25 ഞാ ✠ (ഉയ. ൩-ാം) വി. യൌസേ. മദ്ധ്യ. ന. ആ. കു. പെ. ൭൭. ൨. ൫ വെ.
8 26 തി മിഖാ. മലാ. പ്രത്യ. ആ. കു. പെ. വെ.
9 27 ചൊ അ. മ. ഗ്രിഗോരി. നസി. ന. ആ. കു. പെ. വെ.
10 28 ബു വേ. ഗോൎദി. ന. ആ. കു. പെ. ച്ചു.
11 29 വ്യാ പാ. മൌ. ലെയോൻ ഏപ്രിൽ ൧൧. വെ.
12 30 വെ നേറെം. ക്രൂട്ട. ന. ആ. കു. പെ. ച്ചു.
13 31 ശ അ. വേ. സ്റ്റൻസ്ലാം ഈൗ ൭. ന. ആ. കു. പെ. ച്ചു.
14 1 ഞാ ✠ ഉയ. ൪-ാം ന. കു. ആ. ൨൮. ൯. ൭ വെ.
15 2 തി (✠) വേ. ഗീവറു. ഏപ്രിൽ ൨൩. ന. കു. പെ. ച്ചു.
16 3 ചൊ അ. വേ. ഉവാലദ്. ന. ആ. കു. പെ. ച്ചു.
17 4 ബു † മൌ. പാസ്കാലിസ് ന. ആ. കു. പെ. വെ.
18 5 വ്യാ. † വേദ. വെനാന്തി ന. ആ. കു. പെ. ച്ചു.
19 6 വെ ക. പുദന്ത ന. ആ. കു. പെ. വെ.
20 7 ശ † മൌ. ബെൎണ്ണാൎദിൻ ന. ആ. കു. പെ. വെ.
21 8 ഞാ ✠ ഉയ. ൫-ാം ന. കു. ആ. ൨൮. ൦. ൫ വെ.
☞ വ്യാഴം തിരുനാൾക്കടം പള്ളിയിൽ അറിയിക്കണം.
22 9 തി ലുത്തനി. ന. കു. ആ. റോ.
23 10 ചൊ ലുത്തനി. ന. ആ. കു. ഇന്നലത്തേതും റോ.
24 11 ബു ലുത്തനി. ന. ആ. കു. തലേ. റോ.
25 12 വ്യാ ✠ ന. ക. സ്വൎഗ്ഗാരോഹണം. ന. കു. പെ. വെ.
26 13 വെ പാ. വേദ. എലെവുത്തേരിയോസ് ന. ആ. കു. പെ. ച്ചു.
27 14 ശ പാ. വേ. യോഹ. ന. ആ. കു. പെ. ച്ചു.
28 15 ഞാ ✠ ഉയ. ൬-ാം (കരേററം ഇട.) ന. കു. ആ. ൭൭. ൯. ൭ വെ.
29 16 തി പാ. വേദ. ഉൎബ്ബാൻ ഈൗ ൧൦. ന. ആ. കു. പെ. ച്ചു.
30 17 ചൊ പാ. വേദ. ഫെലിക്സ് ന. ആ. കു. പെ. ച്ചു.
31 18 ബു ക. പത്രോനില ന. ആ. കു. പെ. വെ.

✠ ഈ അടയാളം എല്ലാവക്കും കടമുള്ള ദിവസം. (✠) കടം നീക്കപ്പെട്ട ദിവസം (ഇ. വി.) ഇറച്ചിവിലക്കുള്ള ദിവസം. † പുതുതായി ചേൎക്കപ്പെട്ടതിരുനാൾ.

Printed and Published for the Proprietor by P. K. Joseph, at St. Joseph's Press, Mannanam, 1922.

# മാന്നാനം അച്ചുക്കൂടത്തിൽ വില്പാനുള്ള പുസ്തകങ്ങളുടെ വിലവിവരപ്പട്ടിക.

| | രൂ. | ച. | കാ. |
|---|---|---|---|
| നിത്യാരാധന. | 2 | 0 | 0 |
| ,, ചുവപ്പുതുകലിൽ പൊൻവരയുംമററുമിട്ടതു്. | 2 | 7 | 2 |
| ,, ടി. തരംതുകലിന്മേൽ പൊൻപണിവരയുംമാർബിളുമിട്ടതു്. | 2 | 14 | 4 |
| ,, ടി.തരം പൊൻ വെള്ളികളാൽ പണിയപ്പെട്ടതു്. | 2 | 21 | 6 |
| ,, ചുവന്നതുകലിന്മേൽ പൊൻപണിയും വിളുമ്പിനു മാർബിളുമിട്ടതു്. | 3 | 14 | 4 |
| വിളുമ്പിനു പൊന്നും ടി. തുകലിന്മേൽ പൊൻപണിയും ഉള്ളതു്. | 5 | 14 | 4 |
| ടി. വിശേഷതരത്തിൽ പൊൻ പണി. | 7 | 14 | 4 |
| കൃപാനിധി, (തുകൽക്കെട്ടു്.) | 1 | 21 | 6 |
| പീയൂഷ സംഗ്രഹം, (തുകൽക്കെട്ടു്.) | 0 | 21 | 6 |
| ടി. പൊൻപണിയുംവിളുമ്പിനു മാർബിളുമിട്ടതു്. | 1 | 3 | 8 |
| ദിനചര്യം (തുകൽക്കെട്ടു.) | 0 | 12 | 0 |
| ഒരുമണി ആരാധന. | 0 | 14 | 4 |
| കുസുമമകുടം | 0 | 3 | 0 |
| ദിവ്യരഹസ്യജപമാല. | 0 | 2 | 0 |
| ബാലരത്നം. | 0 | 6 | 0 |
| ബാലനിക്ഷേപം (തുകൽ അരക്കെട്ടു്.) | 0 | 14 | 4 |
| വിസീത്ത. | 0 | 12 | 0 |
| തിരുഉറക്കൊഴിച്ചിൽ. | 0 | 2 | 0 |
| Golden Key. | 1 | 7 | 2 |
| പുതിയ നിയമം | 0 | 16 | 0 |

| | | | |
|---|---|---|---|
| വേദാഗമ ചരിത്രം (പഴയ നിയമം.) | 0 | 16 | 0 |
| വേദോപദേശ സംക്ഷേപം. | 0 | 10 | 0 |
| ക്രിസ്തീയവേദപാഠം ,, | 0 | 2 | 0 |
| വേദോപദേശസംഗ്രഹ | 0 | 2 | 0 |
| വൈദികദർപ്പണം. | 0 | 14 | 0 |
| സത്യവേദ പരീക്ഷ (തുകൽ അരക്കെട്ടു) | 1 | 7 | 2 |
| കുടുംബപ്രതിഷ്ഠ | 0 | 3 | 9 |
| കത്തോലിക്കാമതതത്വങ്ങൾ. | 0 | 3 | 0 |
| ചതുർവിധോത്തരീയങ്ങൾ. | 0 | 5 | 4 |
| സുഭാഷിതങ്ങൾ. | 0 | 5 | 4 |
| അത്ഭുതലീലിപ്പുഷ്പമഞ്ജരി | 0 | 7 | 0 |
| അന്തോനീസുപുണ്യവാന്റെ അപ്പം | 0 | 3 | 9 |
| എളിമയുടെ അഭ്യാസം. | 0 | 5 | 0 |
| കർത്താവിന്റെ തിരുഹൃദയ വണക്കം. | 0 | 17 | 13 |
| കത്തോലിക്കാ പരിശ്രമം. | 0 | 12 | 0 |
| കുടുംബക്രമം (തുകൽ അരക്കെട്ടു്.) | 1 | 10 | 0 |
| ചരമപ്രബോധനം. | 0 | 6 | 0 |
| ജപമാല. | 0 | 3 | 0 |
| ദേവമാതാവിൻ വണക്കമാസം. | 1 | 0 | 0 |
| ഔസേപ്പ പിതാവിൻ വണക്കമാസം. | 1 | 0 | 0 |
| ടി രണ്ടുംകൂടി കൂട്ടിക്കെട്ടിയതു്. | 1 | 21 | 6 |
| ദേവമാതാവിൻ അമലോത്ഭവ പ്രസ്താവന സുവർണ്ണജൂബിലി സ്മാരകം (ഒന്നാം ഭാഗം.) | 0 | 3 | 0 |
| ടി. രണ്ടാം ഭാഗം. | 0 | 4 | 0 |
| ടി. രണ്ടുംകൂടികൂട്ടിക്കെട്ടിയതു് | 0 | 7 | 0 |

സൂപ്രണ്ടു്, സെൻറ് ജോസഫ് പ്രസ്സ്, മാന്നാനം.

---

## ജീവിതസുഖം

ഉണ്ടാകേണമെങ്കിൽ ദേഹാരോഗ്യവും സമ്പത്തും ഉണ്ടായിരിക്കണം. എന്നാൽ ഇവ രണ്ടും ഒരുമിച്ചുണ്ടാകേണമെന്നു് ആഗ്രഹമുള്ളപക്ഷം ഇന്നുതന്നെ ഒരു കത്തു് അയക്കുക. വിവരണപുസ്തകം എല്ലാവർക്കും ഇനാമായി അയക്കുന്നതാണു്. ധനവും ദേഹാരോഗ്യവും സമ്പാദിപ്പാൻ ഒരുങ്ങുവിൻ.

മാനേജർ, സിദ്ധൌഷധശാല കമ്പിനി.

(അഞ്ചൽ) ഏനാമ്മാക്കൽ. (P O.) മുല്ലശ്ശേരി, മലബാർ.

Registered No. M. 365. No: T. 2.


MANOLLASINI Co.,

**3. Kankanady P. O.** S. India.

## മനോല്ലാസിനി തൈലം.

ഉറക്കമില്ലായ്മ, തലവേദന ബുദ്ധിഭ്രമം, തലമുടി പൊഴിച്ചിൽ, ഓൎമ്മക്കുറവ്, മുതലായി തല, കണ്ണ്, ചെവി ഇവസംബന്ധമായ പല രോഗങ്ങളേയും പാടെ നശിപ്പിക്കും. ഒരു കുപ്പിക്കു ൧ ക. ൩ കുപ്പിക്കു ൨ ക ൨ ണ ം. ഒരു വലിയ കുപ്പിക്കു ൨ ക. ൩ വലിയ കുപ്പിക്കു ൭ ക. ൮ ണ.

### നാരീസഖി.

സ്ത്രീകൾക്കു പ്രത്യേകമായ പല രോഗങ്ങളേയും, അവ എത്രയും ദുൎഘടനവും പഴകിയതുമായാലും ശരി, ഉന്മൂലം ചെയ്യും. വിഷമമായ പല കേസുകളിലും ഒരേ ഒരു കുപ്പി മരുന്നുകൊണ്ട് ശാശ്വതമായ ഗുണം സിദ്ധിക്കുന്നതാണ്. ഒരു കുപ്പിക്കു ക ൨.

### ലങ്ങ് സ്റ്റൺ.

കാസം, പഴകിയ ചുമ, ശ്വാസനാളസംബന്ധമായ രോഗം, ക്ഷയം, ആദിയായവയെ നശിപ്പിക്കുന്നതിനു ശക്തിമത്തും എന്നാൽ നിൎദ്ദോഷവുമായ ഔഷധം ൨ ക. ൮ ണ.

### പുഴക്കടി തൈലം.

രണ്ടോ, മൂന്നോ പ്രാവശ്യം മാത്രം ലേപനം ചെയ്താൽ എത്ര പൊറുക്കാത്ത പുഴക്കടിയും തീരെ ഇല്ലാതാകും. ൧ കുപ്പിക്കു ൩ ണ. ൧ ഡസൻ കുപ്പിക്കു ൪ ക.

### രോമ നാശിനി.

ശരീരത്തിന്റെ ഏതു ഭാഗത്തെങ്കിലും ആവശ്യത്തിലധികമുള്ള രോമത്തെ ഒരു വിനാഴികകൊണ്ടു നശിപ്പിക്കും. ഒരു കുപ്പി ൩ ണ. ൧ ഡസൻ കുപ്പിക്കു ൪ ക.

### ചിൻചിൻ കുഴമ്പ്.

തലവേദന തുടങ്ങി ശരീരത്തിൽ എവിടെയെങ്കിലും ഉണ്ടാകുന്ന ഏതു വേദനക്കും അത്യുത്തമം. കുപ്പിക്കു ൮ ണ. ഡസൻ കുപ്പിക്കു ൫ ക. ൪ ണ.

### ദന്ത ശോധിനി.

ഇതുപയോഗിച്ചു പല്ലുതേച്ചാൽ ദന്തസംബന്ധമായ രോഗങ്ങൾ നേരിടാതിരിക്കും. ൧ തകരപ്പെട്ടിക്കു ൫ ണ ൧ ഡസൻ ൩ ക

രോഗവിവരം മറുപടിസ്റ്റാമ്പുസഹിതം ഇംഗ്ലീഷിൽ എഴുതി അയച്ചാൽ പ്രതിഫലം കൂടാതെ ഔഷധങ്ങൾ നിശ്ചയിച്ചുകൊടുക്കുന്നതാണ്.

മനോല്ലാസിനി കമ്പനി,

3. കങ്കനാടി. (തെക്കേ ഇൻഡ്യാ)

MALARIANA COMPANY.

**3. Mangalore S. K.**

## മലേരിയാന.

### മലമ്പനിക്കു കൈ കണ്ട ഔഷധം.

൮ ഔൺസ കുപ്പിക്കു ക. ൧. ണ ൮. അരഡസൻ ക. ൮. ണ ൮. ൧ ഡസൻ കുപ്പിക്കു ക. ൧൩. ണ ൮,

### മലേറിയൻ ഗുളികകൾ.

മലമ്പനിയുടെ ആക്രമത്തെ നിരോധിക്കുന്നു. യാത്രക്കാരുടെ കൈവശം പ്രത്യേകം ഇരിക്കേണ്ടതു ൨൫. ൩൦. ൧൦൦. ഗുളികൾക്കു ൮ അണ. ൧ ക. ൧ ക ൮ ണ.

### ടോണിക്ക് സിറപ്പ്.

ആരോഗ്യദായകമായ ഒരു പാനീയത്തിനു വേണ്ട എല്ലാ ലക്ഷണങ്ങളും തികഞ്ഞതു്. ൮ ഔൺസ് കുപ്പിക്കു ക. ൧. ൪. ൦.

### ശ്രോത്ര തൈലം.

ചെവിയിലുണ്ടാകുന്ന സകല രോഗങ്ങളേയും നശിപ്പിക്കും. അര ഔൺസ ണ ൮. ൧ ഔൺസ് ൧൪ ണ.

### യൂക്കാലിപ്റ്റസ്.

ഔൺസ് കുപ്പി ൫ണ. ൧ ഡസൻ ൩ ക. ൧ ഔൺസ് കുപ്പി ൧൨ ണ. ൧ ഡസൻ ൮ക.

### ദന്ത തൈലം.

പല്ലുവേദന ഉടനടി ഇല്ലാതാക്കുന്നതു്. അര ഔൺസ് ൮ ണ.

### വാതത്തിനുള്ള കുഴമ്പ്.

വാതസംബന്ധമായ നീർക്കെട്ട് വേദന മുതലായതിനു അത്യുത്തമം. കുപ്പി ൧ ക്കു ൮ ണ. ൧൨ കുപ്പിക്കു ക ൫. ൪. ൦.

### ദന്ത ചൂൎണ്ണം.

മോണപഴുപ്പു മുതലായ് ദന്തസംബന്ധമായ രോഗങ്ങൾക്കു വളരെ വിശേഷം ൧ കുപ്പിക്കു ൫ ണ. Tissue Remedies എന്ന മരുന്നുകളും വില്പാനുണ്ട്. വിലവിവരപ്പട്ടിക വൃഥാ കൊടുക്കപ്പെടും. —

മലെരിയാനാ കമ്പിനി,

3. മംഗലാപുരം. എസ്. കെ.